21
2025
ഫെബ്രുവരി
വെള്ളി
കുംഭം ൯

NAUTICAL TIMES
KERALA

The National Daily in Malayalam / English

# നോട്ടിക്കൽ ടൈംസ് കേരള

e-mail: nauticaltimeskerala@gmail.com
RNI.Reg.No.KERBIL/2018/77391

തിരുവനന്തപുരം Thiruvananthapuram web: www. nauticaltimesmedia.com Volume-6, Issue No.80 Page 4, Price: Rs. 2 പുസ്തകം-6 ലക്കം-80 പേജ് 4. വില 2.00 രൂപ








02 രാഷ്ട്രീയ യജമാനന്മാർക്കുവേണ്ടി ഗവർണർമാർ രാഷ്ട്രീയം കളിക്കുന്നുവെന്ന് മുഖ്യമന്ത്രി

03 'എല്ലാം കോംപ്ലിമെൻറ്സ്'; രാഹുൽ ഗാന്ധിയുമായി തരൂർ കൂടിക്കാഴ്ച നടത്തി

04 നിയമങ്ങളും ചട്ടങ്ങളും കാലോചിതമായി പരിഷ്കരിക്കും: മന്ത്രി എം.ബി. രാജേഷ്


## കടൽ മണൽ ഖനനത്തിനെതിരെ

# തീരദേശ ഹർത്താലുമായി ലത്തീൻ സഭ

**സ്വന്തം ലേഖകൻ**



തിരുവനന്തപുരം: കടൽ മണൽ ഖനനത്തിനെതിരെ മത്സ്യത്തൊഴിലാളി കോർഡിനേഷൻ കമ്മിറ്റി നടത്തുന്ന സമരത്തിന് ഐക്യദാർഢ്യവുമായി ലത്തീൻ സഭ. ആകാശവും ഭൂമിയും കേന്ദ്ര സർക്കാർ കോർപ്പറേറ്റുകൾക്ക് വിൽക്കുകയാണ്. കടൽ ഖനനം നടത്താനുള്ള നീക്കം കേന്ദ്രം നിർത്തണമെന്ന് ലത്തീൻ അതിരൂപത ആർച്ച് ബിഷപ്പ് തോമസ് ജെ നെറ്റോ പറഞ്ഞു. ഈ മാസം 27 നാണ് തീരദേശ ഹർത്താൽ.

തീരദേശ ഹർത്താലിനും പാർലമെന്റ് മാർച്ചിനും പിന്തുണ പ്രഖ്യാപിച്ചുകൊണ്ട് മത്സ്യത്തൊഴിലാളി ഫെഡറേഷൻ (എഐടിയുസി) സംസ്ഥാനത്തെ തീരദേശ ജില്ലകളിൽ പ്രതിഷേധ കൂട്ടായ്മകൾ സംഘടിപ്പിക്കും. 22ന് പകൽ നാലിന് ആലപ്പുഴ ബീച്ചിൽ നടക്കുന്ന ജനശൃംഖലയിൽ മുൻ മന്ത്രിമാരായ ജി സുധാകരൻ, മുല്ലക്കര രത്നാകരൻ, ഫാദർ സേവ്യർ കുടിയാംശേരി, പി പി ചിത്തരഞ്ജൻ എംഎൽഎ, എഐവൈഎഫ് സംസ്ഥാന സെക്രട്ടറി ടി ടി ജിസ്മോൻ തുടങ്ങിയവർ പങ്കെടുക്കും. 21ന് വൈകിട്ട് നാലിന് വൈക്കത്ത് മനുഷ്യശൃംഖല ഫെഡറേഷൻ സംസ്ഥാന ജനറൽ സെക്രട്ടറി ടി രഘുവരനും 22ന് വൈകിട്ട് അഞ്ചിന് തിരുവനന്തപുരത്ത് തുമ്പ ബീച്ചിൽ സംഘടിപ്പിക്കുന്ന പ്രതിഷേധ കൂട്ടായ്മ സിപിഐ ജില്ലാ സെക്രട്ടറി മാങ്കോട് രാധാകൃഷ്ണനും ഉദ്ഘാടനം ചെയ്യും. 23ന് വൈകിട്ട് നാലിന് കരുനാഗപ്പള്ളി അഴീക്കൽ സിപിഐ മണ്ഡലം സെക്രട്ടറി ഐ ഷിഹാബ് ഉദ്ഘാടനം ചെയ്യും. ഇതേ ദിവസം മലപ്പുറത്തെ പൊന്നാനിയിലും, എറണാകുളത്തെ ചെല്ലാനത്തും കടൽ സമരം നടത്തും. 24ന് വൈകിട്ട് നാലിന് തോട്ടപ്പള്ളിയിൽ കൂട്ടായ്മ ടി ടി ജിസ്മോനും, ചെട്ടികാട് ടി രഘുവരനും, അർത്തുങ്കലിൽ എഐടിയുസി സംസ്ഥാന പ്രസിഡന്റ് ടി ജെ ആഞ്ചലോസും ഉദ്ഘാടനം ചെയ്യും. കണ്ണൂർ ജില്ലയിലെ പാറക്കോട് പ്രതിഷേധ കൂട്ടായ്മയും സംഘടിപ്പിക്കും. വാർത്താ സമ്മേളനത്തിൽ ടി ജെ ആഞ്ചലോസ്, ടി രഘുവരൻ, മത്സ്യത്തൊഴിലാളി ഫെഡറേഷൻ ജില്ലാ ജനറൽ സെക്രട്ടറി വി സി മധു എന്നിവർ പത്രസമ്മേളനത്തിൽ പങ്കെടുത്തു.

കൊല്ലം തീര മേഖലയിലെ 242 ചതുരശ്ര കിലോമീറ്റർ പ്രദേശത്തെ ധാതുകൾ ഖനനം ചെയ്യാനുള്ള ടെൻഡർ നടപടികൾ ഫെബ്രുവരി 27 ന് പൂർത്തിയാക്കാനുള്ള കേന്ദ്ര സർക്കാർ നീക്കത്തിനെതിരെയാണ് പ്രതിഷേധം ശക്തമാകുന്നത്. കേരളാ തീരത്ത് നിർമ്മാണാവശ്യങ്ങൾക്ക് യോജിച്ച 74.5 കോടി ടൺ കടൽമണൽ നിക്ഷേപമുണ്ടെന്ന ജിയോളജിക്കൽ സർവേ ഓഫ് ഇന്ത്യയുടെ കണ്ടെത്തലിന് പിന്നാലെയായിരുന്നു കേന്ദ്ര സർക്കാരിന്റെ ഈ നീക്കം.

നാഷണൽ സെൻറർ ഫോർ എർത്ത് സ്റ്റഡീസ് പോലെയുള്ള ഗവേഷണ സ്ഥാപനങ്ങൾ ആഴക്കടൽ ഖനനം ഏത് തരത്തിൽ തീര മേഖലയെ ബാധിക്കുമെന്ന് വിശദമായി പഠിച്ചുണ്ട്. ആഴക്കടൽ ഖനനം സിലിക്ക, മാംഗനീസ് തുടങ്ങിയ ധാതുക്കളുടെ വലിയ സാധ്യത തുറക്കുമ്പോൾ പരമ്പരാഗത മത്സ്യബന്ധനത്തെ പ്രതികൂലമായി ബാധിക്കുമെന്നാണ് വിദഗ്ധർ പറയുന്നത്.

മത്സ്യത്തൊഴിലാളികളുടെ ഉപജീവനം തന്നെ അട്ടിമറിക്കാനോ കടലിന്റെ ആവാസ വ്യവസ്ഥയെ അപ്പാടെ തകർക്കാനോ 242 ചതുരശ്ര കിലോമീറ്റർ പ്രദേശത്തെ ഖനനം കൊണ്ടാവില്ലെന്ന് വളരെ മുതിർന്ന ഗവേഷകൻ വ്യക്തമാക്കി. തീരത്തു നിന്നും 10 കിലോമീറ്ററോളം ഉള്ള കടലിൽ ഖനനം നടക്കുമ്പോൾ പ്രദേശത്തെ മത്സ്യങ്ങൾ 67 കിലോമീറ്ററോളം മാറി പോകും. ട്രോളിംഗ് മത്സ്യബന്ധനവും സമാനമായ ആഘാതമാണ് കടലിന്റെ ആവാസ വ്യവസ്ഥയിൽ സൃഷ്ടിക്കുന്നതെന്നും അദ്ദേഹം വ്യക്തമാക്കി. സിലിക്കയുടെ സാന്നിധ്യമാണ് ആഴക്കടലിലെ ഖനനത്തിനുള്ള പ്രധാന ആകർഷണം. ഭക്ഷണം, ഇലക്ട്രോണിക്സ്, മരുന്ന് എന്നിങ്ങനെ ആധുനിക മനുഷ്യന്റെ ദൈനംദിന ജീവിതത്തിലെ എല്ലാ മേഖലയിലും സിലിക്കയുടെ സാന്നിധ്യമുണ്ട്. കരിമണലിന് തുല്യമായ ധാതുമണൽ ഖനനം ചെയ്താൽ ഇതിലെ ഉപ്പു രസം ഒഴിവാക്കിയാൽ തന്നെ ധാതുകൾ വേർതിരിക്കാനാകുമെന്ന് വിദഗ്ധർ പറയുന്നു. ഇതിനായി ഖനനം ചെയ്ത മണൽ ശുദ്ധവെള്ളത്തിൽ കഴുകണം, അല്ലെങ്കിൽ കൂട്ടിയിട്ടു മഴ നനയിപ്പിക്കണം. ഖനനം ചെയ്യുമ്പോൾ പ്രധാനമായും 242 ചതുരശ്ര കിലോമീറ്റർ പ്രദേശത്തെ കടൽ വെള്ളം കലങ്ങും. ഇതോടെ ഇതിനോട് ചേർന്നുള്ള പ്രദേശത്തെ ആൽഗെകളുടെ വളർച്ച നിലയ്ക്കും. പക്ഷെ ഖനനം നടക്കുന്ന പ്രദേശത്തു മാത്രമേ ഈ പ്രശ്നമുണ്ടാകു. കലക്കുവെള്ളത്തിൽ നിന്നും 56 കിലോമീറ്റർ മാറി മത്സ്യലഭ്യതയുണ്ടാകും. ഫിഷിംഗ് ബോട്ടുകളിൽ മത്സ്യബന്ധനത്തിന് പോകുന്നവർക്ക് മത്സ്യം തേടി കിലോമീറ്ററുകളോളം മാറി സഞ്ചരിക്കുന്നതു വലിയ ആയാസമില്ല. പക്ഷെ പരമ്പരാഗത മത്സ്യത്തൊഴിലാളികളെ ഇതു ബാധിക്കും. കിലോമീറ്ററുകളോളം തുഴയെറിഞ്ഞു മത്സ്യം തേടി പോകേണ്ടി വരും.

വലിയ സാങ്കേതിക പിൻബലവും സാമ്പത്തിക മുതൽമുടക്കുമുള്ള ആഴക്കടൽ ഖനനത്തിന് വൻകിട കുത്തകകൾ എത്തുമെന്ന് സംശയമില്ലെന്നാണ് ഫിഷറീസ് മന്ത്രി സജി ചെറിയാൻ നിയമസഭയിൽ പറഞ്ഞത്. 48 മുതൽ 62 മീറ്റർ വരെ ആഴമുള്ളിടത്താണ് ഖനനാനുമതി. 2002 ലെ ഓഫ് ഷോർ ഏരിയാസ് മിനറൽ (ഡെവലപ്മെൻറ് ആൻഡ് റെഗുലേഷൻ) ആക്ടിനെ 2023 ലാണ് കേന്ദ്ര സർക്കാർ ഭേദഗതി ചെയ്തത്. ഇതിൽ സെക്ഷൻ 16 പ്രകാരം ധാതുസമ്പത്തിന്റെ ഖനനത്തിലൂടെ ലഭിക്കുന്ന റോയൽറ്റി പൂർണമായും കേന്ദ്രസർക്കാരിനാണ്. സെക്ഷൻ 5 പ്രകാരം സ്വകാര്യ മേഖലയ്ക്ക് കൂടി ഖനനമേഖലയിൽ പങ്കാളിത്തവും നൽകിയിട്ടുണ്ട്. 2023 ലെ ഭേദഗതി വരുന്നത് വരെ ജിയോളജിക്കൽ സർവേ ഓഫ് ഇന്ത്യ, ഇന്ത്യൻ ബ്യൂറോ ഓഫ് മൈൻസ്, അറ്റോമിക് മിനറൽസ് ഡയറക്ടറേറ്റ് എന്നീ കേന്ദ്ര സർക്കാർ സ്ഥാപനങ്ങളുടെ മേൽനോട്ടത്തിലായിരുന്നു കടലിലെ പര്യവേക്ഷണങ്ങളും ഖനനവും നടന്നു വന്നിരുന്നതെന്നും മന്ത്രിയുടെ മറുപടിയിൽ വിശദീകരിക്കുന്നു.



## കണ്ണാന്തുറയിൽ സംരക്ഷണഭിത്തി പാതിവഴിയിൽ ഉപേക്ഷിച്ചു

തിരുവനന്തപുരം : കണ്ണാന്തുറ ( ശംഖുമുഖം)മത്സ്യഗ്രാമ മേഖലയിലെ കടലാ ക്രമണ ഭീഷണി നേരിടുന്ന വീടുകൾക്ക് ജിയോ ട്യൂബുകൾ ഉപയോഗിച്ച് നാമമാത്രമായ വീടുകൾക്ക് മാത്രം സംരക്ഷണഭിത്തി കെട്ടിയതിനു ശേഷം പദ്ധതി പാതിവഴിയിൽ ഉപേക്ഷിച്ചു പോയെന്ന് സ്വതന്ത്ര മത്സ്യത്തൊഴിലാളി ഫെഡറേഷൻ സംസ്ഥാന പ്രസിഡണ്ട് പി സ്റ്റെല്ലസ്.

കടലാക്രമണം നേരിടുന്ന 75 ( എഴുപത്തി അഞ്ചോളം) വീടുകൾക്ക് സംരക്ഷണഭിത്തി നിർമ്മിക്കാൻ വേണ്ടി എസ്റ്റിമേറ്റ് തുക അനുവദിച്ചതിന് ശേഷം അഞ്ചു വീടുകൾക്ക് മാത്രം ജിയോ ട്യൂബ് ഉപയോഗിച്ച് നിർമ്മാണം നടത്തിയതിനുശേഷം പദ്ധതിക്ക് ഫണ്ടില്ലന്ന് പറഞ്ഞുകൊണ്ട് അധികൃതർ പണി നിർത്തിവെച്ചത് വിചിത്ര സംഭവമാണെന്ന് അദ്ദേഹം പറഞ്ഞു.

മെയ് മാസത്തോടുകൂടി കടലാക്രമണത്തിന് സാധ്യത ഏറെയാണ് അതുകൊണ്ട് സർക്കാർ അടിയന്തരമായി ഈ പദ്ധതിക്ക് അനുവദിച്ച ഫണ്ട് ഉപയോഗിച്ച് നിർധനരായ മത്സ്യത്തൊഴിലാളി കുടുംബങ്ങളുടെ വീടുകൾ സംരക്ഷിക്കുവാൻ വേണ്ടി സംരക്ഷണഭിത്തി നിർമ്മിക്കുവാനുള്ള നടപടി എത്രയും വേഗം ഉണ്ടാകണമെന്ന് ഫെഡറേഷൻ പ്രസിഡണ്ട് പി.സ്റ്റെല്ലസ് ആവശ്യപ്പെട്ടു.

## കസ്റ്റംസ് ഉദ്യോഗസ്ഥനും മാതാവും സഹോദരിയും ക്വാർട്ടേഴ്സിൽ മരിച്ച നിലയിൽ

കൊച്ചി: കസ്റ്റംസ് അഡീഷണൽ കമ്മിഷണർ മനീഷ് വിജയ് (42), സഹോദരി ശാലിനി വിജയ് , മാതാവ് ശകുന്തള അഗർവാൾ എന്നിവരെ മരിച്ച നിലയിൽ കണ്ടെത്തി. കാക്കനാട് ഈച്ചമുക്കിലെ സെൻട്രൽ എക്സൈസ് ക്വാർട്ടേഴ്സിലാണ് മൂവരുടെയും മൃതദേഹം കണ്ടെത്തിയത്. ഝാർഖണ്ഡ് സ്വദേശികളാണ് ഇവർ. ശകുന്തളയുടെ മൃതദേഹം കിടപ്പുമുറിയിലെ കട്ടിലിലും മനീഷിന്റെയും ശാലിനിയുടെയും മൃതദേഹങ്ങൾ വേറെ വേറെ മുറികളിൽ തൂങ്ങിയ നിലയിലുമാണ്. കൂട്ട ആത്മഹത്യയെന്നാണ് പ്രാഥമിക നിഗമനമെന്ന് പൊലീസ് പറഞ്ഞു.

തുറന്നിട്ടിരുന്ന ജനാലയിലൂടെ നോക്കിയപ്പോഴാണ് തൂങ്ങിനിൽക്കുന്ന നിലയിൽ ശാലിനിയുടെ മൃതദേഹം കാണുന്നത്. തുടർന്ന് പൊലീസിനെ വിവരമറിയിക്കുകയായിരുന്നു. ഇതിനിടെ മറ്റൊരു മുറിയിൽ മനീഷിന്റെ മൃതദേഹവും കണ്ടെത്തി. തുടർന്ന് ഫോറൻസിക് വിദഗ്ധർ ഉൾപ്പെടെയുള്ള സംഘം എത്തി വീട് മുഴുവൻ പരിശോധിച്ചപ്പോഴാണ് ശകുന്തളയുടെ മൃതദേഹം കണ്ടെത്തിയത്.

## സർക്കാരിന്റെ മദ്യനയം; വിമർശനവുമായി ഓർത്തഡോക്സ് സഭ

കോട്ടയം: സർക്കാരിന്റെ മദ്യനയത്തെ വിമർശിച്ച് ഓർത്തഡോക്സ് സഭ. മദ്യത്തിന്റെ ലഭ്യത കുറയ്ക്കുമെന്ന് പറഞ്ഞ് അധികാരത്തിൽ വന്ന ശേഷം ബാറുകളുടെ എണ്ണം ദിനംപ്രതി വർധിപ്പിക്കുകയാണ്.

ബ്രൂവറി ഉൾപ്പടെ തുടങ്ങാൻ അനുമതി നൽകുന്ന സർക്കാർ പാവപ്പെട്ട ജനതയുടെ ബലഹീനത ചൂഷണം ചെയ്യുകയാണെന്നും ഓർത്തഡോക്സ് സഭ മദ്യവർജന സമിതി വ്യക്തമാക്കി. സ്കൂളുകളുടെയും ആരാധനലായങ്ങളുടെയും സമീപത്തേക്ക് കള്ളുഷാപ്പുകൾ കൂടി എത്തിക്കാനുള്ള നീക്കം ആരോടുള്ള വെല്ലുവിളിയാണെന്ന് സമിതി പ്രസിഡൻറ് യൂഹാനോൻ മാർ പോളിക്കാർപ്പോസ് മെത്രാപോലീത്ത ചോദിച്ചു. എലപ്പുള്ളിയിൽ ബ്രൂവറി തുടങ്ങുമ്പോൾ കുടിവെള്ള ക്ഷാമം രൂക്ഷമാകും.

നെൽക്കർഷകർ ഇപ്പോൾ തന്നെ വെള്ളം ലഭിക്കാതെ പ്രതിസന്ധി നേരിടുന്നുണ്ട്. കൃഷിക്കാരെയും സാധാരണ മനുഷ്യരെയും പരിഗണിക്കാതെയുള്ള സർക്കാരിന്റെ നീക്കങ്ങൾ ജനാധിപത്യ മര്യാദയല്ലെന്നും അദ്ദേഹം ചൂണ്ടിക്കാട്ടി.

## 'ഗിഫ്റ്റ് ഓഫ് കേൾസ്" വിജയകരമായി സംഘടിപ്പിച്ച് പട്ടം എസ്‌യുടി ആശുപത്രി



തിരുവനന്തപുരം: കാൻസർ രോഗികളെ സഹായിക്കുന്നതിനായി എസ് യു ടി ആശുപത്രി സംഘടിപ്പിച്ച 'ഗിഫ്റ്റ് ഓഫ് കേൾസ് എ സിമ്പിൾ കട്ട്, എ പവർഫുൾ ട്രാസ്ഫോർമേഷൻ' എന്ന കേശദാന പരിപാടി വിജയകരമായി നടന്നു. സംസ്ഥാന സർക്കാരിന്റെ 'ആരോഗ്യം ആനന്ദം, അകറ്റാം അർബുദം' പരിപാടിയുടെ ഭാഗമായി നടത്തിയ 'ഗിഫ്റ്റ് ഓഫ് കേൾസ്' ജില്ലാ കളക്ടർ ശ്രീമതി. അനു കുമാരി ഐ.എ.എസ് ഉദ്ഘാടനം നിർവ്വഹിച്ചു. കാൻസർ രോഗികളുടെ ആത്മവിശ്വാസം വർദ്ധിപ്പിക്കുന്നതിൽ എസ് യു ടി യുടെ ഈ സംരംഭത്തിന്റെ പ്രാധാന്യത്തെ പറ്റി ഉദ്ഘാടന പ്രസംഗത്തിൽ ജില്ലാ കളക്ടർ എടുത്തു പറയുകയുണ്ടായി.

ആശുപത്രി സിഇഒ കേണൽ രാജീവ് മണ്ണാളി അധ്യക്ഷത വഹിച്ച ചടങ്ങിൽ പ്രശസ്ത ടെലിവിഷൻ താരം അലീന പടിക്കൽ ആശംസകൾ അർപ്പിച്ചു. ആശുപത്രിയുടെ മെഡിക്കൽ സൂപ്രണ്ട് ഡോ.വി.രാജശേഖരൻ നായർ, ചീഫ് ലെയ്സൺ ഓഫീസർ രാധാകൃഷ്ണൻ നായർ, എച്ച്ആർ മാനേജർ ദേവി കൃഷ്ണ, വിവിധ വകുപ്പുകളുടെ മാനേജർമാർ, മറ്റ് ജീവനക്കാർ എന്നിവർ ചടങ്ങിൽ പങ്കെടുത്തു. നിരവധി പേരുടെ പങ്കാളിത്തത്തോടെ ഈ സംരംഭം മികച്ച പ്രതികരണത്തിന് സാക്ഷ്യം വഹിച്ചു. ഏതാണ്ട് ഇരുന്നൂറോളം പേർ കേശദാനത്തിൽ പങ്കാളികളാവുകയും എസ് യു ടി യിലെ നാല് ഡോക്ടർമാർ കേശദാനം നടത്തി മാതൃകയാവുകയും ചെയ്തു.




# സകല റിക്കാർഡുകളും തകർത്ത് ചരിത്രവിലയിൽ സ്വർണം; ഇനി ലക്ഷ്യം 65,000 രൂപ

കൊച്ചി: സംസ്ഥാനത്ത് സകല റിക്കാർഡുകളും തകർത്തെറിഞ്ഞ് സ്വർണം ചരിത്രത്തിലെ ഏറ്റവും ഉയർന്ന നിരക്കിൽ. പവന് 280 രൂപയും ഗ്രാമിന് 35 രൂപയുമാണ് വർധിച്ചത്. ഇതോടെ, ഒരു പവൻ സ്വർണത്തിന് 64,560 രൂപയിലും ഗ്രാമിന് 8,070 രൂപയിലുമാണ് വ്യാപാരം പുരോഗമിക്കുന്നത്. അതേസമയം, 18 കാരറ്റ് സ്വർണവില ഗ്രാമിന് 30 രൂപ ഉയർന്ന് പുത്തനുയരമായ 6,640 രൂപയിലെത്തി.

ഈ മാസം 11-ാം തീയതി കുറിച്ച പവന് 64,480 രൂപയും ഗ്രാമിന് 8,035 രൂപയും എന്ന റിക്കാർഡാണ് ഇന്ന് പഴങ്കഥയായത്. പിന്നീട് 63,120 രൂപയായി താഴ്ന്ന ശേഷമാണ് സ്വർണം റിക്കാർഡിലേക്ക് തിരിച്ചുകയറിയത്. കഴിഞ്ഞ രണ്ടാഴ്ചക്കിടെ മാത്രം പവന് 2,920 രൂപയും ഗ്രാമിന് 365 രൂപയുമാണ് കൂടിയത്. നാലു ദിവസത്തിനിടെ 1,400 രൂപയിലധികം വർധിച്ചു. ശനിയാഴ്ചത്തെ വൻ വീഴ്ചയ്ക്കും വിശ്രമത്തിനും ശേഷം തിങ്കളാഴ്ച കുതിച്ചുയർന്ന സ്വർണവില പവന് 400 രൂപ കൂടിയിരുന്നു. പിന്നാലെ ചൊവ്വാഴ്ച 240 രൂപയും ബുധനാഴ്ച 520 രൂപയും കൂടി. എട്ടു ദിവസത്തെ ഇടവേളയ്ക്കുശേഷമാണ് പവൻ വീണ്ടും 64,000 രൂപ കടന്നത്. ജനുവരി 22നാണ് പവൻ വില ആദ്യമായി 60, 000 കടന്നത്. തുടർന്ന് 24ന് 60, 440 രൂപയായി ഉയർന്ന് സർവകാല റിക്കാർഡിലെത്തി. 31ന് പവന് ഒറ്റയടിക്ക് 960 രൂപ ഉയർന്ന് 61,000 രൂപയെന്ന പുതിയ ഉയരം താണ്ടിയിരുന്നു. ഈ മാസം ഒന്നിന് ഒരു പവൻ സ്വർണത്തിന് 61,960 രൂപയായിരുന്നു വില. മൂന്നിന് 320 രൂപ ഇടിഞ്ഞെങ്കിലും പിന്നീട് വീണ്ടും കുതിച്ചു. നാലിന് ഒറ്റയടിക്ക് 840 രൂപയും അഞ്ചിന് 760 രൂപയും ആറിന് 200 രൂപയും ഉയരുകയായിരുന്നു. തുടർന്ന് ഏഴിന് മാറ്റമില്ലാതെ തുടർന്ന ശേഷം എട്ടിന് 120 രൂപയും 10ന് 280 രൂപയും ഉയർന്ന സ്വർണം പിന്നീട് 64,000 രൂപയും കടന്നു കുതിക്കുന്ന കാഴ്ചയാണ് കണ്ടത്. വീണ്ടും റിക്കാർഡ് ഉയരത്തിലേക്ക് മുന്നേറുമെന്ന് തോന്നിപ്പിച്ച ഘട്ടത്തിലാണ് ശനിയാഴ്ച സ്വർണവിലയിൽ 800 രൂപ ഇടിഞ്ഞത്. പിന്നീട് വീണ്ടും കുതിപ്പ് വീണ്ടെടുത്ത സ്വർണം സർവകാല റിക്കാർഡിലെത്തുകയും ചെയ്തു. ആഗോള വിപണിയിലെ ചലനങ്ങളും ഡോളർ ശക്തിയാർജിക്കുന്നത് അടക്കമുള്ള ഘടകങ്ങളുമാണ് സ്വർണവിലയെ സ്വാധീനിക്കുന്നത്. യുഎസ് പ്രസിഡന്‍റ് ഡോണൾഡ് ട്രംപ് രണ്ടാമതും അധികാരത്തിലേറിയശേഷം ആരംഭിച്ച 'താരിഫ്' യുദ്ധമാണ് സ്വർണവില കുതിച്ചുയരാൻ മുഖ്യകാരണം. രാജ്യാന്തര വില ഔൺസിന് 25 ഡോളറിലധികം വർധിച്ച് സർവകാല റിക്കാർഡായ 2,943 ഡോളറിലെത്തി. 2,942 ഡോളർ എന്ന മുൻ റിക്കാർഡാണ് മറികടന്നത്. അതേസമയം, വെള്ളിയുടെ വിലയും ഉയർന്നിട്ടുണ്ട്. ഒരു ഗ്രാം സാധാരണ വെള്ളിക്ക് ഒരുരൂപ കൂടി 108 രൂപയിലാണ് വ്യാപാരം നടക്കുന്നത്.



സമഗ്ര ഗുണമേൻമാ വിദ്യാഭ്യാസ പദ്ധതി 'പഠനോത്സവം 2025' ന്റെ സംസ്ഥാനതല ഉദ്ഘാടനം കൊഞ്ചിറവിള ഗവൺമെന്റ് യുപിഎസിൽ വിദ്യാഭ്യാസ മന്ത്രി വി ശിവൻകുട്ടി നിർവഹിക്കുന്നു

# സെക്രട്ടറിയേറ്റ് നടയിൽ മഹാസംഗമം നടത്തി ആശാ വർക്കർമാർ; സമരം ശക്തമാക്കും

തിരുവനന്തപുരം: ആശാവർക്കർമാരുടെ മഹാസംഗമം സെക്രട്ടറിയേറ്റ് നടയിൽ ആരംഭിച്ചു. വിവിധ ജില്ലകളിൽ നിന്നായി നൂറ് കണക്കിന് ആശാപ്രവർത്തകരാണ് സെക്രട്ടറിയേറ്റ് നടയിൽ സമരത്തിനെത്തിയിരിക്കുന്നത്. വിവിധ ആവശ്യങ്ങൾ ഉന്നയിച്ച് ആശാ പ്രവർത്തകർ കഴിഞ്ഞ പതിനൊന്ന് ദിവസമായി നടന്ന് വരുന്ന സമരം കുടുതൽ കടുപ്പിക്കുന്നതിന് മുന്നോടിയായാണ് മഹാസംഗമം ഇന്ന് നടത്തുന്നത്. തങ്ങളുടെ ന്യായമായ ആവശ്യങ്ങൾ പരിഗണിക്കാതെ സർക്കാർ മുഖം തിരിഞ്ഞ് നിൽക്കുകയാണ്. പിഎസ്സി അംഗങ്ങളുടെ ശന്പളം വർധിപ്പിക്കാൻ സർക്കാരിന് പണമുണ്ടെന്നും എന്നാൽ തങ്ങൾക്ക് നൽകാനുള്ള തുക കുടിശിക വരുത്തിയത് നീതികരിക്കാനാകില്ലെന്നുമാണ് ആശാപ്രവർത്തകർ പറയുന്നത്. ഇന്ന് രാവിലെയോടെ വിവിധ ജില്ലകളിൽ നിന്നായി നൂറുകണക്കിന് ആശാ പ്രവർത്തകർ സെക്രട്ടറിയേറ്റ് നടയിലെത്തിച്ചേർന്നിരുന്നു. സർക്കാരുമായി നടത്തിയ ചർച്ച ഫലപ്രദമാകാത്തതിനെ തുടർന്നാണ് പൊരിവെയിലത്ത് ആശാ പ്രവർത്തകർ സമരം ചെയ്യുന്നത്. വിവിധ പ്രതിപക്ഷ സംഘടനകൾ ആശാപ്രവർത്തകരുടെ സമരത്തിന് ഐക്യദാർഢ്യം പ്രഖ്യാപിച്ച് സെക്രട്ടറിയേറ്റ് നടയിലെത്തും. ഇന്ന് പതിനൊന്നാം ദിവസമാണ് സെക്രട്ടറിയേറ്റിനു മുന്നിലെ ആശാവർക്കർമാർ സമരം നടത്തുന്നത്. ഓണറേറിയം തുക കൂട്ടുക, കുടിശിക പൂർണമായും അനുവദിക്കുക, വിരമിക്കൽ ആനുകൂല്യങ്ങൾ നൽകുക തുടങ്ങി ആവശ്യങ്ങൾ ഉന്നയിച്ചാണ് സമരം. ഓണറേറിയം മാനദണ്ഡങ്ങൾ പിൻവലിച്ചതായി ആരോഗ്യവകുപ്പ് വാർത്താക്കുറിപ്പിലൂടെ അറിയിച്ചിരുന്നു. മൂന്നുമാസത്തെ ഓണറേറിയം അനുവദിച്ചു. എന്നാൽ മുഴുവൻ ആവശ്യങ്ങളും അംഗീകരിക്കാതെ സമരം അവസാനിപ്പിക്കില്ലെന്ന് ആശാ വർക്കർമാർ വ്യക്തമാക്കുകയായിരുന്നു. സംസ്ഥാനത്തെ മുഴുവൻ ആശാവർക്കർമാരും സമരത്തിന് എത്തണം എന്നാണ് സമര സമിതിയുടെ ആഹ്വാനം. ആവശ്യങ്ങൾ അംഗീകരിക്കും വരെ സമരം ശക്തമായി തുടരുമെന്നും കേരള ആശാ ഹെൽത്ത് വർക്കേഴ്സ് അസോസിയേഷൻ അറിയിച്ചു.

# ഹൈക്കോടതിയിലെ സർക്കാർ അഭിഭാഷകരുടെ ശമ്പളം കുത്തനെ കൂട്ടി

തിരുവനന്തപുരം: കേരള ഹൈക്കോടതിയിൽ സംസ്ഥാന സർക്കാരിന് വേണ്ടി ഹാജരാകുന്ന അഭിഭാഷകരുടെ ശമ്പളം കുത്തനെ കൂട്ടി. സ്പെഷ്യൽ ഗവ പ്ലീഡറുടെ ശമ്പളം 1.20 ലക്ഷത്തിൽ നിന്നും 1.50 ലക്ഷം ആക്കി ഉയർത്തി. സീനിയർ പ്ലീഡറുടെ ശമ്പളം 1.10 ത്തിൽ നിന്നും 1.40 ലക്ഷവും പ്ലീഡർമാറുടേത് ഒരു ലക്ഷത്തിൽ നിന്നും 1.25 ലക്ഷവും ആക്കി ഉയർത്തി. മൂന്ന് വർഷത്തെ മുൻകാല പ്രാബല്യത്തോടെയാണ് ശമ്പളം കൂട്ടൽ. 2022 ജനുവരി 1 മുതൽ മുതലുള്ള ശന്പളമാണ് കൂട്ടിയത്. സംസ്ഥാന സർക്കാരിന്റെ ഡൽഹിയിലെ പ്രതിനിധിയായ കെ. വി. തോമസിന്റെ യാത്രാബത്ത ഇരട്ടിയായി ഉയർത്താനും പൊതുഭരണവകുപ്പ് ശിപാർശ നൽകിയിട്ടുണ്ട്. പ്രതിവർഷ തുക 11.31 ലക്ഷം രൂപയാക്കാനാണ് ശിപാർശ. പിഎസ്സി ചെയർമാന്റെയും അംഗങ്ങളുടെയും ശമ്പളവും ആനുകൂല്യങ്ങളും വർധിപ്പിക്കാൻ ബുധനാഴ്ച ചേർന്ന മന്ത്രിസഭാ യോഗത്തിൽ തീരുമാനിച്ചിരുന്നു. പിഎസ്സി ചെയർമാന് ജില്ലാ ജഡ്ജിമാരുടെ സൂപ്പർ ടൈം സ്കെയിലിലെ പരമാവധി തുകയ്ക്കു തുല്യവും അംഗങ്ങൾക്കുള്ള ശമ്പളം ജില്ലാ ജഡ്ജിമാരുടെ സെലക്ഷൻ ഗ്രേഡ് സ്കെയിലിലെ പരമാവധി തുകയ്ക്കു തുല്യവുമാക്കിയുള്ള വർധനവിനാണ് മന്ത്രിസഭായോഗം അനുമതി നൽകിയത്.

# കായിക ക്യാമ്പ്

ഏപ്രിലിൽ ആരംഭിക്കുന്ന സ്പോർട്സ് കേരള ഫൗണ്ടേഷൻ വേനൽക്കാല കായിക ക്യാമ്പിന്റെ രജിസ്ട്രേഷൻ തുടങ്ങി.

കായിക വകുപ്പിന്റെ മേൽനോട്ടത്തിൽ സ്പോർട്സ് കേരള ഫൗണ്ടേഷൻ സംഘടിപ്പിക്കുന്ന ക്യാമ്പിൽ 5 വയസു മുതൽ 21 വയസുവരെ പ്രായമുള്ളവർക്ക് പങ്കെടുക്കാം.

സംസ്ഥാനത്തിന്റെ വിവിധ കേന്ദ്രങ്ങളിൽ നടക്കുന്ന ക്യാമ്പിന്റെ വിവിധ കായിക ഇനങ്ങളിൽ പരിശീലനം നൽകും.

കൂടുതൽ വിവരങ്ങൾക്കും രജിസ്ട്രേഷനും ഫോൺ : 6282902473, വെബ്സൈറ്റ് : sportskeralasummercamp.in.

# രാഷ്ട്രീയ യജമാനന്മാർക്കുവേണ്ടി ഗവർണർമാർ രാഷ്ട്രീയം കളിക്കുന്നുവെന്ന് മുഖ്യമന്ത്രി

തിരുവനന്തപുരം: യുജിസി കരട് നിർദേശങ്ങൾ ഫെഡറലിസത്തെ തകർക്കുന്നതാണെന്നും സംസ്ഥാനങ്ങളെ പൂർണമായും ഒഴിവാക്കാനാണ് യുജിസിയുടെ ശ്രമമെന്നും മുഖ്യമന്ത്രി പിണറായി വിജയൻ.

യുജിസി കരട് റെഗുലേഷനെതിരെ ബിജെപി ഇതര സംസ്ഥാനങ്ങളെ അണിനിരത്തി സംസ്ഥാന സർക്കാർ സംഘടിപ്പിക്കുന്ന ദേശീയ കൺവൻഷൻ ഉദ്ഘാടനം ചെയ്യുകയായിരുന്നു മുഖ്യമന്ത്രി. നിയമസഭ മന്ദിരത്തിൽ നടക്കുന്ന കൺവൻഷനിൽ പ്രതിപക്ഷ നേതാവ് വി. ഡി. സതീശനും പങ്കെടുത്തു.

യുജിസി കരട് നിർദേശങ്ങളിലെ വിസി നിയമന നിർദേശങ്ങളോടാണ് പ്രധാന എതിർപ്പെന്ന് മുഖ്യമന്ത്രി പറഞ്ഞു. കരട് നിർദേശം ആരെയും വിസിയാക്കാൻ ചാൻസിലർക്ക് അധികാരം നൽകുന്നതാണ്. നിയമസഭകളുടെ അധികാരത്തെയാണ് ഇത് വെല്ലുവിളിക്കുന്നത്. ഗവർണർമാർക്കെതിരെയും മുഖ്യമന്ത്രി വിമർശനം ഉന്നയിച്ചു. ബിജെപി ഇതര സംസ്ഥാനങ്ങളിലെ ഗവർണർമാർ സംസ്ഥാന സർക്കാരുകളെ സമ്മർദത്തിലാക്കാൻ ശ്രമിക്കുകയാണെന്ന് മുഖ്യമന്ത്രി കുറ്റപ്പെടുത്തി.

നിയമസഭ പാസാക്കുന്ന ബില്ലുകളിൽ ഗവർണർമാർ തീരുമാനമെടുക്കാൻ വൈകുകയാണ്. രാഷ്ട്രീയ യജമാനന്മാർക്കുവേണ്ടി ഗവർണർമാർ രാഷ്ട്രീയം കളിക്കുകയാണ്. കേരളത്തിലും സമാന സ്ഥിതിയാണെന്നും മുഖ്യമന്ത്രി പറഞ്ഞു.

ഗവർണർമാർ ചാൻസിലർ എന്ന നിലയ്ക്ക് രാഷ്ട്രീയ ഇടപെടൽ നടത്തുകയാണ്. കരട് നിർദേശത്തിൽ തിരുത്തൽ വേണമെന്നും ഉന്നത വിദ്യാഭ്യാസ മേഖലയെ വാണിജ്യവത്കരിക്കാനാണ് നീക്കമെന്നും മുഖ്യമന്ത്രി കൂട്ടിച്ചേർത്തു.

## പുനരുപയോഗ ഊർജ്ജറഗുലേഷൻ : അഭിപ്രായങ്ങൾ അറിയിക്കുന്നതിനുള്ള തീയതി നീട്ടി

സംസ്ഥാന വൈദ്യുതി റഗുലേറ്ററി കമ്മീഷൻ 2020 ൽ പുറപ്പെടുവിച്ച പുനരുപയോഗ ഊർജ്ജവും നെറ്റ് മീറ്ററിങ്ങും സംബന്ധിച്ച റഗുലേഷന്റെ കാലാവധി ഈ സാമ്പത്തിക വർഷത്തോടെ പൂർത്തിയാകുന്നത് കണക്കിലെടുത്ത് 2025-26 സാമ്പത്തിക വർഷം മുതൽ പ്രാബല്യത്തിൽ വരേണ്ട ചട്ടങ്ങൾ രൂപീകരിക്കുന്നതിന് മുന്നോടിയായുള്ള ചർച്ചാരേഖ ജനുവരി 13 ന് കമ്മീഷൻ വെബ്സൈറ്റിൽ (ഠഠഠ.ലൃരസലൃമഹമ.ീൃഴ) പ്രസിദ്ധീകരിച്ചിട്ടുണ്ട്. ചർച്ചാരേഖയുടെ അടിസ്ഥാനത്തിലുള്ള അഭിപ്രായങ്ങളും നിർദ്ദേശങ്ങളും നൽകുവാൻ പൊതുജനങ്ങൾക്കും സംഘടനകൾക്കും ഫെബ്രുവരി 15 വരെ നൽകിയിരുന്ന സമയ പരിധി 28 ന് വൈകുന്നേരം 5 മണി വരെ നീട്ടി. ഇ-മെയിൽ (സലൃെര@ലൃരസലൃമഹമ.ീൃഴ) തപാൽ മുഖേന അയയ്ക്കുന്ന അഭിപ്രായങ്ങൾ സെക്രട്ടറി, കേരള സംസ്ഥാന വൈദ്യുതി റെഗുലേറ്ററി കമ്മീഷൻ, കെ.പി.എഫ്.സി ഭവനം, സി.വി. രാമൻപിള്ള റോഡ്, വെള്ളയമ്പലം, തിരുവനന്തപുരം 695 010 എന്ന വിലാസത്തിൽ അയയ്ക്കണം.

## അരൂരിൽ ജെസിബിയുടെ അടിയിൽപ്പെട്ട് ബൈക്ക് യാത്രക്കാരൻ മരിച്ചു

ആലപ്പുഴ: അരൂർ-തുറവൂർ ഉയരപ്പാത നിർമാണമേഖലയിൽ ജെസിബിയുടെ അടിയിൽപ്പെട്ട് ബൈക്ക് യാത്രക്കാരൻ മരിച്ചു. തുറവൂർ സ്വദേശി പ്രവീൺ ആണ് മരിച്ചത്.ഉയരപ്പാത നിർമാണമേഖലയിൽ വച്ച് പ്രവീൺ സഞ്ചരിച്ച ബൈക്കിന് മുന്നിലുണ്ടായിരുന്ന ജെസിബി പെട്ടെന്ന് പുറകോട്ടെടുത്തു. ഇതോടെ പിന്നാലെ വന്ന ഇയാൾ ജെസിബിയുടെ അടിയിൽ പെടുകയായിരുന്നു. മൃതദേഹം ആശുപത്രിയിലേക്ക് മാറ്റിയിട്ടുണ്ട്.

## പാതിവില തട്ടിപ്പ്; മാത്യു കുഴൽനാടനെതിരെ തെളിവില്ലെന്ന് ക്രൈംബ്രാഞ്ച്

കൊച്ചി: പാതിവില തട്ടിപ്പിൽ മാത്യു കുഴൽനാടൻ എംഎൽഎയ്ക്കെതിരെ തെളിവില്ലെന്ന് ക്രൈംബ്രാഞ്ച്. ബാങ്ക് അക്കൗണ്ടുകളിലൂടെ പണം വാങ്ങിയ നേതാക്കളിൽ മാത്യു കുഴൽനാടൻ ഇല്ല.അനന്തു കൃഷ്ണന്റെ അക്കൗണ്ട് വിവരങ്ങൾ പരിശോധിച്ചതിൽ കുഴൽ നാടന്റെ പേരില്ലെന്നും ക്രൈംബ്രാഞ്ച് വ്യക്തമാക്കി. നേരത്തെ എംഎൽഎ പണം വാങ്ങിയിരുന്നുവെന്ന രീതിയിൽ ആക്ഷേപം ഉയർന്നിരുന്നു.എന്നാൽ പാതിവില തട്ടിപ്പ് കേസിലെ മുഖ്യപ്രതി അനന്തു കൃഷ്ണന്റെ കസ്റ്റഡി കാലാവധി ഇന്ന് അവസാനിക്കും. മൂവാറ്റുപുഴ മജിസ്ട്രേറ്റ് കോടതിയിൽ ഹാജരാക്കുന്ന അനന്തു കൃഷ്ണനെ വീണ്ടും കസ്റ്റഡിയിൽ വേണമെന്ന് ക്രൈംബ്രാഞ്ച് ആവശ്യപ്പെടും.

## മദ്യപാനത്തിനിടെ തർക്കം: ആസിഡ് ആക്രമണത്തിൽ യുവാവിന് ഗുരുതര പരിക്ക്

പത്തനംതിട്ട: ആസിഡ് ആക്രമണത്തിൽ യുവാവിന് ഗുരുതരമായി പരിക്കേറ്റു. നാരങ്ങാനം കടമ്മനിട്ട കല്ലേലിമുക്ക് പുതുപറമ്പിൽ വീട്ടിൽ വർഗീസ് മാത്യു (38)വിനാണ് ആസിഡ് വീണ് മുഖത്തും ശരീരത്തും ഗുരുതരമായി പൊള്ളലേറ്റത്.സംഭവത്തിൽ അയൽവാസിയും അമ്മാവനുമായ പുതുപറമ്പിൽ വീട്ടിൽ ബിജു വർഗീസിനെ പോലീസ് പിടികൂടി. വിദഗ്ധ ചികിത്സയ്ക്കായി യുവാവിനെ കോട്ടയം മെഡിക്കൽ കോളേജ് ആശുപത്രിയിലേക്ക് മാറ്റി.മദ്യപിക്കുന്നതിനിടെ ഉണ്ടായ വാക്കുതർക്കമാണ് ആസിഡ് ആക്രമണത്തിൽ കലാശിച്ചത്. ബിജു വീട്ടിൽ സൂക്ഷിച്ചിരുന്ന ആസിഡ് വർഗീസിന്റെ മുഖത്തും ശരീരത്തും ഒഴിക്കുകയായിരുന്നു.

## വിദേശജോലി വാഗ്ദാനം ചെയ്തു ലക്ഷങ്ങൾ തട്ടി; യുവതി അറസ്റ്റിൽ

കൊച്ചി: വിദേശജോലി വാഗ്ദാനം ചെയ്തു ലക്ഷങ്ങൾ തട്ടിയ കേസിൽ യുവതി അറസ്റ്റിൽ. പാലാരിവട്ടം പ്രദേശത്തു ജീനിയസ് കൺസൾട്ടൻസി സ്ഥാപനം നടത്തിയിരുന്ന ആലുവ പൂക്കാട്ടുപടി സ്വദേശി സജീനയാണ് (39) അറസ്റ്റിലായത്.പുത്തൻകുരിശ്, തൃശൂർ സ്വദേശികളായ യുവാക്കളുടെ പരാതിയിൽ പാലാരിവട്ടം സ്റ്റേഷനിൽ രജിസ്റ്റർ ചെയ്ത കേസുകളിലാണു നടപടി. സജീനയ്ക്കെതിരെ വിവിധ സ്റ്റേഷനുകളിലായി എട്ട് വഞ്ചനാകേസുകളുണ്ട്. കോടതിയിൽ ഹാജരാക്കിയ പ്രതിയെ റിമാൻഡ് ചെയ്തു.

## അതിരപ്പിള്ളിയിലെ ആന ദൗത്യം പൂർണം; കോടനാട്ടെ പ്രത്യേക കൂട്ടിലേക്ക് മാറ്റി

കൊച്ചി: അതിരപ്പിള്ളിയിൽ മസ്തകത്തിന് പരിക്കേറ്റ ആനയെ വിദഗ്ധ ചികിത്സയ്ക്കായി കോടനാട്ടെ പ്രത്യേക കൂട്ടിലേക്ക് മാറ്റി. അനിമൽ ആംബുലൻസിലാണ് വെറ്റിലപ്പാറയിൽനിന്ന് ആനയെ കോടനാടെത്തിച്ചത്.മയക്കുവെടിയേറ്റ് നിലത്തുവീണ ആനയെ കുങ്കികളുടെ സഹായത്തോടെ എഴുന്നേൽപ്പിച്ച ശേഷം അനിമൽ ആംബുലൻസിലേക്ക് കയറ്റുകയായിരുന്നു. നിലത്തുവീണ സമയത്ത് ആനയ്ക്ക് പ്രാഥമിക ചികിത്സ നൽകിയിരുന്നു. മസ്തകത്തിലെ മുറിവിൽ ഡോക്ടർമാർ മരുന്നുവെച്ചു.എന്നാൽ മയക്കുവെടിയേറ്റ് കുറച്ചുസമയത്തിനകം ആന നിലത്തു വീണത് ആശങ്കയുണ്ടാക്കിയിരുന്നു. ഒന്നരമണിക്കൂറോളം ശ്രമപ്പെട്ടാണ് ദൗത്യസംഘം ആനയെ എഴുന്നേൽപ്പിച്ചത്.

രാവിലെ 7.15 ഓടെയാണ് ആനയെ കണ്ടെത്തി മയക്കുവെടിവച്ചത്. ഡോ. അരുൺ സഖറിയ അടക്കം 25 അംഗ സംഘമാണ് ദൗത്യത്തിൽ പങ്കെടുത്തത്.

## അരുൺ മോന്റെ പേരിൽ ആന്ധ്രാ പ്രദേശിലും കഞ്ചാവ് കേസ് നിലവിലുണ്ട്

ബെർലിൻ: യുവേഫ ചാന്പ്യൻസ് ലീഗിൽ പ്രീ ക്വാർട്ടറിൽ കടന്ന് ജർമൻ വന്പൻമാരായ ബയേൺ മ്യൂണിക്ക്. പ്രീക്വാർട്ടർ പ്ലേ ഓഫിൽ സെൽറ്റിക്കിനെ പരാജയപ്പെടുത്തിയാണ് ബയേൺ പ്രീ ക്വാർട്ടറിലെത്തിയത്. പ്രീ ക്വാർട്ടർ പ്ലേ ഓഫിൽ ഇരു പാദങ്ങളിലുമായി 3-2 ന് മുന്നിലെത്തിയതോടെയാണ് ജർമൻ വന്പൻമാർ പ്രീ ക്വാർട്ടർ ഉറപ്പിച്ചത്.

ചൊവ്വാഴ്ച നടന്ന രണ്ടാം പാദ പ്രീക്വാർട്ടർ പ്ലേ ഓഫ് മത്സരം സമനിലയിലാണ് അവസാനിച്ചത്. ഇരു ടീമുകളും ഓരോ ഗോൾ വീതം നേടി. അൽഫോൺസോ ഡേവിസ് ബയേണിന് വേണ്ടി ഗോൾ നേടിയപ്പോൾ നിക്കോളാസ്-ജെറിറ്റ് കുൻ ആണ് സെൽറ്റിക്കിന് വേണ്ടി ഗോൾ സ്കോർ ചെയ്തത്.

63-ാം മിനിറ്റിലെ ഗോളിലൂടെ സെൽറ്റിക്ക് ആണ് ആദ്യം മുന്നിലെത്തിയത്. എന്നാൽ മത്സരം അവസാനിക്കാൻ നിമിഷങ്ങൾ മാത്രം ബാക്കി നിൽക്കെ ബയേൺ സമനില ഗോൾ നേടി.ഇതോടെയാണ് രണ്ടാം പാദ പ്ലേ ഓഫ് സമനിലയിൽ അവസാനിച്ചത്.

ആദ്യ പാദത്തിൽ 2-1 ന് വിജയിച്ചിരുന്ന ബയേൺ ഇതോടെ പ്രീ ക്വാർട്ടറിലേയ്ക്ക് മുന്നേറി.

## ഓൺലൈനിലൂടെ ഏഴരക്കോടി തട്ടിയെടുത്ത കേസ്; ചൈനീസ് പൗരൻമാർ പിടിയിൽ

ചേർത്തല: ഡോക്ടേഴ്സ് ദമ്പതിമാരിൽ നിന്ന് ഓൺലൈനിലൂടെ ഏഴരക്കോടി രൂപ തട്ടിയെടുത്ത കേസിൽ രണ്ട് ചൈനീസ് പൗരന്മാർ അറസ്റ്റിൽ. ഗുജറാത്ത് പോലീസ് പിടികൂടിയ അന്താരാഷ്ട്ര കുറ്റവാളികളായ വെയ് ചുംഗ് വാൻ, ഷെൻ വെയ് ഹോ എന്നിവരെ ആലപ്പുഴ പോലീസിന് കൈമാറി.

ഓഹരി വിപണിയിൽ അമിതലാഭം വാഗ്ദാനം ചെയ്ത് കഴിഞ്ഞ ജൂണിലാണ് ഇവർ തട്ടിപ്പ് നടത്തിയതെന്ന് പോലീസ് പറഞ്ഞു. കേസിൽ ഇതര സംസ്ഥാനക്കാർ ഉൾപ്പടെ അഞ്ചുപേർ നേരത്തെ അറസ്റ്റിലായിരുന്നു. കോഴിക്കോട് സ്വദേശികളായ മുഹമ്മദ് അനസ്, പ്രവീഷ്, അബ്ദുൾ സമദ് എന്നിവരാണ് ആദ്യം പിടിയിലായത്.

ഇവർ നൽകിയ വിവരത്തിന്റെ അടിസ്ഥാനത്തിൽ ഇതര സംസ്ഥാനക്കാരനായ ഭഗവാൻ റാമിനെയും നിർമൽ ജെയിനെയും പിടികൂടിയിരുന്നു. ഇവരെ ചോദ്യം ചെയ്തപ്പോൾ ചൈന കേന്ദ്രീകരിച്ച് പ്രവർത്തിക്കുന്ന വലിയൊരു റാക്കറ്റാണ് തട്ടിപ്പ് നടത്തിയതെന്ന് ചേർത്തല പോലീസ് കണ്ടെത്തിയിരുന്നു.തുടർന്നാണ് ചൈനീസ് പൗരൻമാർ ഗുജറാത്ത് പോലീസിന്റെ പിടിയിലായത്. പ്രതികളെ ബുധനാഴ്ച ചേർത്തല കോടതിയിൽ ഹാജരാക്കും.

## 15,000 ലധികം ആശാ വർക്കർമാർ കാൻസർ സ്ക്രീനിംഗിൽ പങ്കെടുത്തു

'ആരോഗ്യം ആനന്ദം-അകറ്റാം അർബുദം' ജനകീയ കാൻസർ പ്രതിരോധ ക്യാമ്പയിന്റെ ഭാഗമായി സംസ്ഥാനത്തെ 15,068 ആശാവർക്കർമാർ സ്ക്രീനിംഗിൽ പങ്കെടുത്തതായി ആരോഗ്യ വകുപ്പ് മന്ത്രി വീണാ ജോർജ് അറിയിച്ചു. 216 പേരെ തുടർ പരിശോധനയ്ക്കായി റഫർ ചെയ്തിട്ടുണ്ട്. ക്യാമ്പയിന്റെ ഭാഗമായി മുൻ നിശ്ചയ പ്രകാരം ഫെബ്രുവരി 17, 18 തീയതികളിലാണ് ആശമാർക്ക് പ്രത്യേകമായി സ്ക്രീനിംഗ് നടത്തിയത്. ബഹുഭൂരിപക്ഷം ആശമാരും സ്ക്രീനിംഗിൽ പങ്കെടുത്തു. ശേഷിക്കുന്നവർക്ക് തുടർദിവസങ്ങളിൽ സ്ക്രീനിംഗിൽ പങ്കെടുക്കാവുന്നതാണ്.

## താത്പര്യപത്രം ക്ഷണിച്ചു

സംസ്ഥാന വനിതാശിശുവികസന വകുപ്പ് സ്റ്റേറ്റ് നിർഭയാസെല്ലിന് കീഴിൽ അതിജീവിതരായ മാനസിക വെല്ലുവിളികൾ നേരിടുന്ന പെൺകുട്ടികൾക്കായി തൃശ്ശൂർ ജില്ലയിൽ സ്പെഷ്യൽ നീഡ്സ് ഹോം പ്രവർത്തിപ്പിക്കുവാൻ താത്പര്യമുള്ളതും സ്ത്രീകളുടെയും കുട്ടികളുടെയും പുനരധിവാസ മേഖലയിലും അവരെ മുഖ്യധാരയിലേക്ക് ഉൾച്ചേർക്കുന്ന പ്രക്രിയയിലും (പ്രത്യേകിച്ച് അതിജീവിതരെ) പരിചയസമ്പന്നരായ സന്നദ്ധസംഘടനകളിൽ നിന്നും താത്പര്യപത്രം ക്ഷണിക്കുന്നു. 2015 ലെ ബാലനീതി നിയമവും ചട്ടങ്ങളും അനുസരിച്ചുള്ള ഭൗതിക സാഹചര്യങ്ങളും പ്രവർത്തനവും നിർബന്ധമാണ്. അപേക്ഷാഫോറം, രജിസ്ട്രേഷൻ സർട്ടിഫിക്കറ്റിന്റെ പകർപ്പ്, ഓഡിറ്റ് റിപ്പോർട്ട്, 2 വർഷത്തെ പ്രവർത്തന റിപ്പോർട്ട് തുടങ്ങിയവ ഉൾക്കൊള്ളിച്ചുകൊണ്ടുള്ള പ്രൊപ്പോസൽ മാർച്ച് 1 ന് വൈകിട്ട് 5 ന് മുമ്പായി സ്റ്റേറ്റ് കോ-ഓർഡിനേറ്റർ, സ്റ്റേറ്റ് നിർഭയസെൽ, വനിതശിശുവികസന വകുപ്പ് ഡയറക്ടറുടെ കാര്യാലയം, പൂജപ്പുര, തിരുവനന്തപുരം 695012 എന്ന മേൽവിലാസത്തിൽ ലഭ്യമാക്കണം. കൂടുതൽ വിവരങ്ങൾക്ക് ഫോൺ : 0471 2331059, ഇമെയിൽ : nirbhayacell@gmail.com.

## താത്പര്യപത്രം ക്ഷണിച്ചു

സംസ്ഥാന വനിതാ ശിശുവികസന വകുപ്പ് സ്റ്റേറ്റ് നിർഭയാസെല്ലിന് കീഴിൽ അതിജീവിതരായ പെൺകുട്ടികൾക്കായി വയനാട് ജില്ലയിൽ എൻട്രി ഹോം പ്രവർത്തിപ്പിക്കാൻ താത്പര്യമുള്ളതും സ്ത്രീകളുടെയും കുട്ടികളുടെയും പുനരധിവാസ മേഖലയിലും അവരെ മുഖ്യധാരയിലേക്ക് ഉൾച്ചേർക്കുന്ന പ്രക്രിയയിലും (പ്രത്യേകിച്ച് അതിജീവിതരെ) പരിചയസമ്പന്നരായ സന്നദ്ധസംഘടനകളിൽ നിന്നും താത്പര്യപത്രം ക്ഷണിച്ചു. 2015 ലെ ബാലനീതി നിയമവും ചട്ടങ്ങളും അനുസരിച്ചുള്ള ഭൗതിക സാഹചര്യങ്ങളും പ്രവർത്തനവും നിർബന്ധമാണ്. കുട്ടികളെ പാർപ്പിക്കുന്നതിനായി ജെ.ജെ. നിയമത്തിൽ നിഷ്ക്കർഷിച്ചിരിക്കുന്ന വിധത്തിലുള്ള കെട്ടിടം സ്വന്തമായുള്ള സംഘടനകൾക്ക് മുൻഗണന നൽകും.

അപേക്ഷാഫോം, രജിസ്ട്രേഷൻ സർട്ടിഫിക്കറ്റിന്റെ പകർപ്പ്, ഓഡിറ്റ് റിപ്പോർട്ട്, രണ്ടു വർഷത്തെ പ്രവർത്തന റിപ്പോർട്ട്, കെട്ടിടത്തിന്റെ പ്ലാൻ (ലഭ്യമാണെങ്കിൽ മാത്രം) തുടങ്ങിയവ ഉൾക്കൊള്ളിച്ചുകൊണ്ടുള്ള പ്രൊപ്പോസൽ മാർച്ച് ഒന്നിന് വൈകീട്ട് 5ന് മുമ്പ് സ്റ്റേറ്റ് കോ-ഓർഡിനേറ്റർ, സ്റ്റേറ്റ് നിർഭയസെൽ, വനിതാശിശുവികസന വകുപ്പ് ഡയറ്കടറുടെ കാര്യാലയം, പൂജപ്പുര, തിരുവനന്തപുരം 695 012 എന്ന വിലാസത്തിൽ ലഭ്യമാക്കണം. കൂടുതൽ വിവരങ്ങൾക്ക്: 0471-2331059, nirbhayacell@gmail.com.

## 'എല്ലാം കോംപ്ലിമെൻറ്സ്'; രാഹുൽ ഗാന്ധിയുമായി തരൂർ കൂടിക്കാഴ്ച നടത്തി

ന്യൂഡൽഹി: ലേഖന വിവാദത്തിന് പിന്നാലെ ശശി തരൂർ എംപിയുമായി കോൺഗ്രസ് ദേശീയ നേതൃത്വം നടത്തിയ ചർച്ച പൂർത്തിയായി. സോണിയാ ഗാന്ധിയുടെ പത്താം നമ്പർ ജൻപഥ് വസതിയിൽ രാഹുൽ ഗാന്ധിയുമായി നടത്തിയ കൂടിക്കാഴ്ചയിൽ കെ.സി.വേണുഗോപാലും പങ്കെടുത്തു.

രാഹുലിനെ കണ്ട ശേഷം കോൺഗ്രസ് ദേശീയ അധ്യക്ഷൻ മല്ലികാർജുൻ ഖർഗെയുമായും അദ്ദേഹം കൂടിക്കാഴ്ച നടത്തി. തന്റെ ലേഖനത്തിലോ, മോദിയുടെ അമേരിക്കൻ സന്ദർശനത്തിലെ പ്രതികരണത്തിലോ തെറ്റായ ഉദ്ദേശ്യങ്ങളില്ലായിരുന്നുവെന്ന് തരൂർ ദേശീയ നേതൃത്വത്തെ അറിയിച്ചു.

ശശി തരൂരിന്റെ കൂടി ആവശ്യപ്രകാരമാണ് കൂടിക്കാഴ്ച നടന്നത്. കൂടിക്കാഴ്ചകൾക്ക് ശേഷം പത്ത് ജൻപഥിന്റെ പിൻവശത്തെ ഗേറ്റ് വഴിയാണ് തരൂർ മടങ്ങിയത്. പ്രശ്നങ്ങൾ സങ്കീർണമാകാതെയുള്ള അനുനയ ചർച്ചയാണ് നടന്നതെന്നാണ് ലഭിക്കുന്ന വിവരം.ഒരു ഇംഗ്ലീഷ് പത്രത്തിൽ എഴുതിയ ലേഖനത്തിൽ പിണറായി സർക്കാരിനു കീഴിൽ വ്യവസായ രംഗത്ത് സംസ്ഥാനം വൻ നേട്ടങ്ങൾ കൈവരിച്ചെന്ന് തരൂർ ഏഴുതിയതാണ് വിവാദമായത്. തുടർന്ന് സംസ്ഥാന നേതാക്കൾ ഉൾപ്പടെയുള്ളവർ അദ്ദേഹത്തിനെതിരെ തിരിഞ്ഞിരുന്നു.

## യുവാവിനെ മർദിച്ചുകൊന്നു

നോയിഡ: ക്രിക്കറ്റ് കളിക്കുന്നതിനിടെ ശരീരത്തിൽ പന്ത് കൊണ്ടെന്ന് പരാതിപ്പെട്ട യുവാവിനെ മർദിച്ചു കൊന്നു. നോയിഡയിലെ സൂരജ്പുരിലാണ് സംഭവം.

32കാരനായ മനീഷ് എന്ന യുവാവാണ് കൊല്ലപ്പെട്ടത്. സൂരജ്പൂർ പട്ടണത്തിൽ ഒരു ആർഒ പ്ലാൻറ് നടത്തുന്ന മനീഷ്, തിങ്കളാഴ്ച വൈകുന്നേരം ക്രിക്കറ്റ് ഗ്രൗണ്ടിലൂടെ നടന്നുപോകുകയായിരുന്നുവെന്ന് പോലീസ് പറഞ്ഞു.ഈ സമയം കുറച്ച് കുട്ടികൾ ക്രിക്കറ്റ് കളിക്കുന്നുണ്ടായിരുന്നു. അവർ അടിച്ചുവിട്ട പന്ത് മനീഷിന്റെ ശരീരത്തിൽ കൊണ്ടു. മനീഷ് ഇത് ചോദ്യം ചെയ്തു. തുടർന്നുണ്ടായ വാക്കേറ്റത്തിനൊടുവിൽ രണ്ട് കുട്ടികൾ മനീഷിനെ ക്രൂരമായി മർദിക്കുകയായിരുന്നു.ക്രൂരമായി മർദനമേറ്റ് അവശനിലയിലായ മനീഷിനെ ഇവർ അവിടെ ഉപേക്ഷിച്ചു കടന്നുകളഞ്ഞു. ചൊവ്വാഴ്ച രാവിലെ മനീഷ് വീട്ടിൽ തിരിച്ചെത്താത്തതിനെ തുടർന്ന് കുടുംബാംഗങ്ങൾ അദ്ദേഹത്തെ അന്വേഷിച്ചിറങ്ങി.ഇതിനിടെ രക്തത്തിൽ കുളിച്ചനിലയിൽ മീനീഷിനെ കണ്ടെത്തുകയായിരുന്നു. ഇവർ മനീഷിനെ ആശുപത്രിയിലെത്തിച്ചുവെങ്കിലും മരണംസംഭവിച്ചിരുന്നു.

## മോഷ്ടിച്ചതിന് ശകാരിച്ചു; പിതാവിനെ മകൻ തീകൊളുത്തി കൊന്നു

ന്യൂഡൽഹി: മോഷണം നടത്തിയതിന് ശകാരിച്ച പിതാവിനെ മകൻ തീകൊളുത്തി കൊന്നു. ഡൽഹിയിലെ അജയ് നഗറിലാണ് സംഭവം.14കാരനാണ് പിതാവിനെ കൊലപ്പെടുത്തിയത്. 55 കാരനായ മുഹമ്മദ് അലീം ആണ് കൊല്ലപ്പെട്ടത്. വാടക വീട്ടിലാണ് പിതാവും മകനും കഴിഞ്ഞിരുന്നത്.സമീപത്ത് താമസിച്ചിരുന്ന വീട്ടുടമസ്ഥൻ മുഹമ്മദ് അലീമിന്റെ കരച്ചിൽ കേട്ടെത്തിയപ്പോഴാണ് സംഭവം പുറത്തറിഞ്ഞത്. ഇയാളും അയൽവാസിയും വീട്ടിലെത്തിയപ്പോൾ വാതിൽ അകത്തുനിന്നും പൂട്ടിയ നിലയിലായിരുന്നു.

ഇവർ വാതിൽ തുറന്ന് അകത്ത് കയറിയപ്പോഴേക്കും മുഹമ്മദ് മരിച്ചിരുന്നു. മകൻ സ്ഥലത്ത് നിന്നും ഓടിരക്ഷപെടുകയും ചെയ്തു.തന്റെ പോക്കറ്റിൽ നിന്നും പണം മോഷ്ടിച്ചതിന് പിതാവ് മകനെ ശകാരിച്ചിരുന്നുവെന്ന് പോലീസ് അറിയിച്ചു. ഇതിന്റെ വൈരാഗ്യത്തിൽ മകൻ പിതാവിനെ തീകൊളുത്തുകയായിരുന്നുവെന്നും പോലീസ് വ്യക്തമാക്കി.

ഉത്തർപ്രദേശിലെ മിർസാപൂർ സ്വദേശിയാണ് മുഹമ്മദ് അലീം. കഴിഞ്ഞ വർഷമാണ് ഇരുവരും ഇവിടേക്ക് താമസത്തിനെത്തിയത്. മുഹമ്മദിന്റെ മകനെ കണ്ടെത്താനുള്ള ശ്രമത്തിലാണ് പൊലീസ്.

## ട്രംപ് ഇടപെട്ടു; റഷ്യ - യുക്രെയ്ൻ യുദ്ധം അവസാനിപ്പിക്കാൻ കളമൊരുങ്ങുന്നു

സിഡ്നി ഡോണൾഡ് ട്രംപിന്റെ ഇടപെടലിനെ തുടർന്ന് സൗദിയിൽ നടത്തിയ ചർച്ചയിലാണ് യുദ്ധം അവസാനിപ്പിക്കാനുള്ള സന്നദ്ധത റഷ്യ അറിയിച്ചത്.

നാലര മണിക്കൂർ നീണ്ട ചർച്ച വിജയമാണെന്നും യുദ്ധം അവസാനിപ്പിക്കാൻ ഒരുമിച്ചു പ്രവർത്തിക്കാൻ ധാരണയായെന്നും യോഗത്തിനുശേഷം റഷ്യയുടെ പ്രതിനിധികൾ പറഞ്ഞു. റിയാദിലെ ദിരിയ്യ കൊട്ടാരത്തിലായിരുന്ന ചർച്ച.

സൗദി വിദേശകാര്യമന്ത്രി ഫൈസൽ ബിൻ ഫറാൻ അൽ സൗദിന്റെയും ദേശീയ സുരക്ഷാ ഉപദേശകൻ മുസാദ് ബിൻ മുഹമ്മദ് അൽ ഐബാന്റെയും മധ്യസ്ഥതയിലായിരുന്നു കൂടിക്കാഴ്ച. ട്രംപിന്റെ പ്രതിനിധികളായി യുഎസ് സ്റ്റേറ്റ് സെക്രട്ടറി മാർക്കോ റൂബിയോ, യുഎസ് മധ്യേഷ്യ ദൂതൻ സ്റ്റീവ് വിറ്റ്കോഫ്, ദേശീയ സുരക്ഷാ ഉപദേഷ്ടാവ് മൈക്ക് വാൽസ് എന്നിവർ പങ്കെടുത്തു.യുക്രെയ്നു മാനുഷിക സഹായം ഉറപ്പാക്കുന്ന ധാരണ പത്രവും ഒപ്പിട്ടു. തുടർചർച്ചകൾക്കും അമേരിക്കയും റഷ്യയും പ്രത്യേക സംഘത്തെ നിയോഗിക്കാനും തീരുമാനമായി. യോഗത്തിൽ യുക്രെയ്ൻ പ്രതിനിധികൾ പങ്കെടുത്തില്ല.യുക്രെയ്ൻ പങ്കെടുക്കാത്ത ചർച്ചകളിലെ ഒരു തീരുമാനവും രാജ്യം അംഗീകരിക്കില്ലെന്നു പ്രസിഡൻറ് വൊളോഡിമർ സെലെൻസ്കി പറഞ്ഞു. ചർച്ചകളിൽനിന്നു മാറ്റിനിർത്തുന്നതിൽ യൂറോപ്യൻ സഖ്യകക്ഷികളും ആശങ്ക രേഖപ്പെടുത്തി.സർക്കാർ കണ്ണു തുറന്നു; ആശാ വർക്കർമാർക്ക് രണ്ട് മാസത്തെ വേതനം അനുവദിച്ചു

## ഡൽഹി മുഖ്യമന്ത്രിയായി സത്യപ്രതിജ്ഞ ചെയ്തു

ന്യൂഡൽഹി: രേഖ ഗുപ്ത ഡൽഹി മുഖ്യമന്ത്രിയായി സത്യപ്രതിജ്ഞ ചെയ്ത് അധികാരമേറ്റു. രാംലീല മൈതാനിയിൽ തയാറാക്കിയ സത്യപ്രതിജ്ഞാ വേദിയിൽ ലെഫ്. ഗവർണർ വി. കെ. സക്സേന സത്യവാചകം ചെല്ലിക്കൊടുത്തു.പർവേഷ് വർമ ഉപമുഖ്യമന്ത്രിയായും സത്യപ്രതിജ്ഞ ചെയ്ത് അധികാരമേറ്റു. ആഷിഷ് സൂദ്, മജീന്ദർ സിംഗ് സിർസ, മഞ്ജീന്ദർ സിംഗ് സിർസ, രവീന്ദ്ര ഇന്ദ്രാജ് സിംഗ്, കപിൽ മിശ്ര, പങ്കജ് കുമാർ സിംഗ് എന്നിവർ മന്ത്രിമാരായും സത്യപ്രതിജ്ഞ ചെയ്തു.ഡൽഹിയുടെ ഒൻപതാമത്തെ മുഖ്യമന്ത്രിയും നാലാമത്തെ വനിതാ മുഖ്യമന്ത്രിയുമാണ് രേഖ ഗുപ്ത. പ്രധാനമന്ത്രി നരേന്ദ്ര മോദിക്കു പുറമെ ബിജെപി ദേശീയ അധ്യക്ഷൻ ജെ. പി. നഡ്ഡ, കേന്ദ്രമന്ത്രിമാർ, സംസ്ഥാന മുഖ്യമന്ത്രിമാർ എന്നിവർ ചടങ്ങിൽ പങ്കെടുത്തു. സെക്രട്ടറിയേറ്റ് നടയിൽ മഹാസംഗമം നടത്തി ആശാ വർക്കർമാർ; സമരം ശക്തമാക്കും

## പരിശീലനത്തിനിടെ ബാലൻസ് തെറ്റി; കഴുത്തൊടിഞ്ഞ് പവർ ലിഫ്റ്റ് താരം മരിച്ചു

ജയ്പൂർ: ജൂണിയർ നാഷണൽ ഗെയിംസിൽ പവർ ലിഫ്റ്റിൽ സ്വർണമെഡൽ ജേതാവായ യാഷ്തിക ആചാര്യ(17)ക്ക് പരിശീലനത്തിനിടെ ദാരുണാന്ത്യം.

270 കിലോ ഗ്രാം പരിശീലിക്കുന്നതിനിടെ ബാലൻസ് തെറ്റി വെയ്റ്റ് ബാർ കഴുത്തിൽ വീണാണ് രാജസ്ഥാൻ സ്വദേശിയായ യാഷ്തിക മരിച്ചത്. വെയിറ്റ് ബാർ വീണ് കഴുത്തൊടിയുകയായിരുന്നു. ഉടനെ തന്നെ സമീപത്തെ ആശുപത്രിയിലെത്തിച്ചെങ്കിലും അപ്പോഴെക്കും മരണം സംഭവിച്ചിരുന്നു. പരിശീലകന്റെ നിരീക്ഷണത്തിൽ 270 കിലോ സ്ക്വാട്ടിന് തയാറെടുക്കുകയായിരുന്നു യാഷ്തിക. ബാർ തോളിലെടുത്തെങ്കിലും ഇവർക്ക് ബാലൻസ് തെറ്റി. ഗ്രിപ്പിൽ നിന്ന് തെന്നിയ ബാർ അവരുടെ കഴുത്തിൽ വീഴുകയായിരുന്നു. അപകടത്തിൽ പരിശീലകനും പരിക്കേറ്റു. പരിശീലകനും മറ്റുള്ളവരും ചേർന്ന് ബാർ മാറ്റി കുട്ടിക്ക് സിപിആർ നൽകിയെങ്കിലും ബോധം വീണ്ടെടുക്കാനായില്ല.പോസ്റ്റുമോർട്ടത്തിന് ശേഷം മൃതദേഹം കുടുംബത്തിന് കൈമാറിയതായി പോലീസ് അറിയിച്ചു. അപകടത്തിൽ കുടുംബം പരാതി നൽകിയില്ലെങ്കിലും അന്വേഷണം ആരംഭിച്ചതായി പോലീസ് പറഞ്ഞു.

അടുത്തിടെ, 29-ാമത് രാജസ്ഥാൻ സ്റ്റേറ്റ് സബ്-ജൂണിയർ ആൻഡ് സീനിയർ പുരുഷ-വനിതാ എകിപ്പ്ഡ് ബെഞ്ച് പ്രസ് ചാംപ്യൻഷിപ്പിൽ സ്വർണ മെഡൽ നേടിയ യഷ്തിക പവർലിഫ്റ്റിംഗിലെ വളർന്നുവരുന്ന താരമായിരുന്നു. ഗോവയിൽ നടന്ന 33-ാമത് ദേശീയ ബെഞ്ച് പ്രസ് ചാംപ്യൻഷിപ്പിൽ എക്വിപ്പ്ഡ് വിഭാഗത്തിൽ സ്വർണവും ക്ലാസിക് വിഭാഗത്തിൽ വെള്ളിയും നേടി ദേശീയ തലത്തിൽ ശ്രദ്ധ നേടിയിരുന്നു.

## ട്രെയിനിൽനിന്ന് വീണ് അപകടം; മലയാളി സ്റ്റേഷൻ മാസ്റ്റർ മരിച്ചു

മധുര: കാൽവഴുതി ട്രെയിനിന് അടിയിലേക്ക് വീണ് മലയാളി സ്റ്റേഷൻ മാസ്റ്റർ മരിച്ചു. മധുര കല്ലിഗുഡി സ്റ്റേഷനിലെ അനു ശേഖർ(31) ആണ് മരിച്ചത്. രാവിലെ എട്ടരയോടെയാണ് അപകടം. ചെങ്കോട്ട-ഈറോഡ് എക്സ്പ്രസിലേക്ക് ഓടിക്കയറാൻ ശ്രമിക്കുന്നതിനിടെ കാൽവഴുതി പ്ലാറ്റ്ഫോമിനും ട്രെയിനിനും ഇടയിലേക്ക് വീഴുകയായിരുന്നു. തിരുവനന്തപുരം കീഴാരൂർ സ്വദേശിയാണ് മരിച്ച അനു ശേഖർ. മൃതദേഹം ആശുപത്രിയിലേക്ക് മാറ്റി. പോസ്റ്റ്മോർട്ടത്തിന് ശേഷം ബന്ധുക്കൾക്ക് വിട്ടുനൽകും. രേഖ ഗുപ്ത ഡൽഹി മുഖ്യമന്ത്രിയായി സത്യപ്രതിജ്ഞ ചെയ്തു

## മാർപാപ്പയുടെ ആരോഗ്യനിലയിൽ നേരിയ പുരോഗതിയെന്ന് വത്തിക്കാൻ

വത്തിക്കാൻ സിറ്റി: ഫ്രാൻസിസ് മാർപാപ്പയുടെ ആരോഗ്യനിലയിൽ നേരിയ പുരോഗതിയെന്ന് വത്തിക്കാൻ. ഇറ്റാലിയൻ പ്രധാനമന്ത്രി ജോർജിയ മെലോണി ആശുപത്രിയിൽ തുടരുന്ന മാർപാപ്പയെ സന്ദർശിച്ചു. 20 മിനിറ്റോളം സന്ദർശനം നീണ്ടതായും വത്തിക്കാൻ അറിയിച്ചു.

88-കാരനായ മാർപാപ്പ കഴിഞ്ഞ ഒരാഴ്ചയായി ശ്വാസകോശ അണുബാധയെ തുടർന്ന് ചികിത്സയിലാണ്. റോമിലെ ജെമെല്ലി ആശുപത്രിയിൽ കഴിയുകയാണ് മാർപാപ്പ. പോളി മൈക്രോബിയൽ അണുബാധയുണ്ടെന്നായിരുന്നു നേരത്തെ കണ്ടെത്തിയിരുന്നത്.

ആരോഗ്യാവസ്ഥ തൃപ്തികരമല്ലെങ്കിലും അദ്ദേഹം സന്തോഷവാനാണെന്നും വത്തിക്കാൻ അറിയിച്ചു. വി. കുർബാന സ്വീകരിച്ച മാർപാപ്പ പ്രാർഥനയിലും വായനയിലുമായാണ് സമയം ചെലവഴിക്കുന്നത്.

എല്ലാവരുടെയും പിന്തുണയ്ക്ക് മാർപാപ്പ നന്ദി അറിയിച്ചതായും തുടർന്നും അദ്ദേഹത്തിന് വേണ്ടിയുള്ള പ്രാർഥന തുടരണമെന്നും വത്തിക്കാൻ അറിയിച്ചു.

## നിയമനം

തൃശ്ശൂരിലെ പുത്തൂരിൽ പണി പൂർത്തിയായി വരുന്ന അന്തർദേശീയ നിലവാരത്തിലുള്ള സുവോളജിക്കൽ പാർക്കിലേക്ക് വിവിധ തസ്തികകളിൽ കരാർ അടിസ്ഥാനത്തിൽ നിയമനത്തിനായി അപേക്ഷകൾ ക്ഷണിച്ചു. വിശദവിവരവും അപേക്ഷ ഫോറവും കേരള വനം വകുപ്പിsâ www.forest.kerala.gov.in വെബ്സൈറ്റിൽ പ്രസിദ്ധീകരിച്ചിട്ടുണ്ട്. മാർച്ച് 7 വരെ അപേക്ഷകൾ സ്വീകരിക്കും. വിശദവിവരങ്ങൾക്ക് : 9447979176.




മാലിന്യമുക്ത ഹരിത എക്സൈസ് ഓഫീസ് തീവ്രയത്ന പരിപാടിയുടെ സംസ്ഥാനതല ഉദ്ഘാടനം എക്സൈസ് ആസ്ഥാനത്ത് തദ്ദേശ സ്വയംഭരണ, എക്സൈസ് വകുപ്പ് മന്ത്രി എം ബി രാജേഷ് നിർവഹിക്കുന്നു

## മാലിന്യ നിർമാർജനത്തിൽ ഉത്തരവാദിത്ത സമൂഹമായി മാറണം : മന്ത്രി എം ബി രാജേഷ്

മാലിന്യമുക്ത നവകേരളം ലക്ഷ്യം കൈവരിക്കുന്നതിന് സർക്കാർ വകുപ്പുകൾ വിവിധ പ്രവർത്തനങ്ങളിലൂടെ മുന്നോട്ടു പോകുമ്പോൾ സമൂഹം ഉത്തരവാദിത്തം കാട്ടണമെന്ന് തദ്ദേശ സ്വയംഭരണ, എക്സൈസ് വകുപ്പ് മന്ത്രി എം ബി രാജേഷ്. ഉത്തരവാദിത്ത ബോധമില്ലാതെ മാലിന്യം വലിച്ചെറിയുന്ന സമീപനത്തിനും മനോഭാവത്തിനും മാറ്റം ഉണ്ടാകണം. ഇക്കാര്യത്തിൽ അലംഭാവംകാട്ടിയാൽ പിഴയും ശിക്ഷയുമുൾപ്പെടെയുള്ള കർശന നടപടികൾ സ്വീകരിക്കുമെന്നും മന്ത്രി പറഞ്ഞു. മാലിന്യമുക്ത ഹരിത എക്സൈസ് ഓഫീസ് തീവ്രയത്ന പരിപാടിയുടെ സംസ്ഥാനതല ഉദ്ഘാടനം എക്സൈസ് ആസ്ഥാനത്ത് നിർവഹിച്ച് സംസാരിക്കുകമായിരുന്നു അദ്ദേഹം.

ദേശീയ സീറോ വേസ്റ്റ് ദിനമായ മാർച്ച് 30 ന് കേരളത്തെ മാലിന്യമുക്തമായി പ്രഖ്യാപിക്കുന്നതിലുള്ള പരിശ്രമങ്ങളാണ് നടന്നുവരുന്നത്. മാലിന്യമുക്ത നവകേരളം ക്യാമ്പയിൽ ആരംഭിച്ചതിനുശേഷം കഴിഞ്ഞ ഒന്നര വർഷമായി ഒട്ടനവധി മാറ്റങ്ങളുണ്ടായി. ഹരിതകർമസേനയുടെ വാതിൽപ്പടി മാലിന്യശേഖരണം 47 ൽ നിന്നും 90 ശതമാനായി വർദ്ധിച്ചു. വാർഡ് തലങ്ങളിലെ മിനി മെറ്റീരിയൽ കളക്ഷൻ ഫെസിലിറ്റി സെന്ററുകളുടെ എണ്ണം 7400 ൽ നിന്നും 19600 ആയി. മാലിന്യം വേർതിരിച്ച് സംസ്കരിക്കുന്നതിനുള്ള അത്യാധുനിക സജീകരണങ്ങൾ ഏർപ്പെടുത്തി. സ്കൂളുകളെ മാലിന്യ മുക്തമാക്കുന്നതിൽ മികച്ച ഫലമുണ്ടായിട്ടുണ്ട്. കോളേജുകൾ, പൊതു സ്ഥലങ്ങൾ, കവലകൾ തുടങ്ങിയ ഇടങ്ങളിൽ വലിയമാറ്റങ്ങൾ ഇതിനോടകം ഉണ്ടായി.

മാലിന്യ നിർമാർജനത്തിൽ അൽപം പിന്നിൽ നിൽക്കുന്ന 182 തദ്ദേശ സ്ഥാപനങ്ങളെക്കൂടി മുന്നിലെത്തിക്കുന്നതിൽ സർക്കാർ കൂടുതൽ ശ്രദ്ധ നൽകിവരുന്നതായും മന്ത്രി അറിയിച്ചു.

ആന്റണി രാജു എംഎൽഎ അദ്ധ്യക്ഷനായിരുന്ന ചടങ്ങിൽ പാളയം രാജൻ, എഡിജിപിയും എക്സൈസ് കമ്മീഷണറുമായ മഹിപാൽ യാദവ്, അഡ്മിനിസ്ട്രേഷൻ അഡീഷണൽ എക്സൈസ് കമ്മീഷണർ കെ എസ് ഗോപകുമാർ, എൻഫോഴ്സ്മെന്റ് അഡീഷണൽ എക്സൈസ് കമ്മീഷണർ വിക്രമൻ പി, ഐഎഡബ്ല്യു ജോയിന്റ് എക്സൈസ് കമ്മീഷണർ ബി രാധാകൃഷ്ണൻ, കെഎസ്ഇഎ സംസ്ഥാന ജനറൽ സെക്രട്ടറി ആർ മോഹൻകുമാർ, കെഎസ്ഇഎസ്എ സംസ്ഥാന പ്രസിഡന്റ് റ്റി സജുകുമാർ എന്നിവർ സംബന്ധിച്ചു.

## കോയമ്പത്തൂരിൽ വൻ സ്പിരിറ്റ് വേട്ട; രണ്ട് മലയാളികൾ അറസ്റ്റിൽ

ചെന്നൈ: കോയമ്പത്തൂരിൽ സുലൂരിൽ നടത്തിയ വൻ സ്പിരിറ്റ് വേട്ടയിൽ രണ്ട് മലയാളികൾ അറസ്റ്റിൽ. കൊല്ലം സ്വദേശി രജിത് കുമാർ (38), ഇടുക്കി സ്വദേശി ജോൺ വിക്ടർ (45) എന്നിവരാണ് അറസ്റ്റിലായത്.

സുലൂരിലെ ഗോഡൗണിൽ നടത്തിയ റെയ്ഡിൽ 5145 ലിറ്റർ സ്പിരിറ്റാണ് പിടികൂടിയത്. കേരളത്തിലേയ്ക്ക് കടത്താൻ വേണ്ടി തയ്യാറാക്കിയ സ്പിരിറ്റെന്നാണ് രജിതും ജോണും പോലീസിന് മൊഴി നൽകിയിരിക്കുന്നത്.

കോയമ്പത്തൂർ സ്വദേശി പ്രഭാകർ എന്നയാളും അറിസ്റ്റിലായിട്ടുണ്ട്. കർണാടകത്തിൽ നിന്ന് 35 കാനുകളിൽ ആയാണ് സ്പിരിറ്റ് എത്തിച്ചിരുന്നത്. രഹസ്യ വിവരത്തെ തുടർന്നാണ് റെയ്ഡ് നടത്തിയത്.

## ഡി.എൻ.ബി.:ഓപ്ഷൻ സമർപ്പിക്കാം

2024 ലെ ഡി.എൻ.ബി (പോസ്റ്റ് എം.ബി.ബി.എസ്) കോഴ്സിലേയ്ക്കുള്ള സ്ട്രേ വേക്കൻസി അലോട്ട്മെന്റിനായി ഫെബ്രുവരി 21 ന് വൈകിട്ട് 3 മണിവരെ ഓൺലൈനായി ഓപ്ഷനുകൾ സമർപ്പിക്കാം. നിശ്ചിത സമയത്തിനുള്ളിൽ ലഭിക്കുന്ന ഓപ്ഷനുകളെ അടിസ്ഥാനമാക്കി സ്ട്രേ വേക്കൻസി അലോട്ട്മെന്റ് പ്രസിദ്ധീകരിക്കും. ഫോൺ : 0471 2525300.

## ഇന്ത്യയ്ക്ക് ധാരാളം പണമുണ്ട്; പിന്നെ പിന്തുണയുടെ ആവശ്യം എന്ത്; ഫണ്ട് വെട്ടിയതിൽ വിശദീകരണവുമായി ട്രംപ്

വാഷിംഗ്ടൺ ഡിസി: ഇന്ത്യയിലെ വോട്ടിംഗ് പ്രോത്സാഹിപ്പിക്കുന്നതിനായി നൽകിയിരുന്ന ഫണ്ട് നിർത്തലാക്കിയതിൽ വിശദീകരണവുമായി യുഎസ് പ്രസിഡൻറ് ഡോണൾഡ് ട്രംപ്. ഞങ്ങൾ ഇന്ത്യയ്ക്ക് 21 മില്യൺ ഡോളർ നൽകുന്നത് എന്തിനാണെന്ന് ട്രംപ് ചോദിച്ചു.

അവർക്ക് ധാരാളം പണമുണ്ട്. കുതിച്ചുയരുന്ന സമ്പദ്വ്യവസ്ഥയും ഉയർന്ന നികുതി നിരക്കുമുള്ള രാജ്യത്തിന് സാമ്പത്തിക പിന്തുണയുടെ ആവശ്യകത എന്താണ്.

ഇന്ത്യയോടും അവരുടെ പ്രധാനമന്ത്രിയോടും എനിക്ക് വളരെയധികം ബഹുമാനമുണ്ട്. പക്ഷേ വോട്ടർമാരുടെ വോട്ടിനായി 21 മില്യൺ ഡോളർ എന്തിന് നൽകുന്നുവെന്നും അദ്ദേഹം ചോദിച്ചു.

നമുക്ക് മേൽ ഏറ്റവും ഉയർന്ന നികുതി ചുമത്തുന്ന രാജ്യങ്ങളിലൊന്നാണ് ഇന്ത്യ. അവരുടെ താരിഫ് വളരെ കൂടുതലായതിനാൽ ഞങ്ങൾക്ക് അവിടെ പ്രവേശിക്കാൻ പ്രയാസമാണെന്നും ട്രംപ് പറഞ്ഞു.

## നയതന്ത്രജ്ഞത ഉള്ള നേതാവ് ആയിരുന്നെങ്കിൽ യുക്രെയ്ന് നഷ്ടം ഉണ്ടാകാതെ പണ്ടേ യുദ്ധം അവസാനിപ്പിക്കാമായിരുന്നു; സെലൻസ്കിക്കെതിരേ ട്രംപ്

ന്യൂയോർക്ക്: റഷ്യയുമായുള്ള യുദ്ധത്തിൽ യുക്രെയ്നെ കുറ്റപ്പെടുത്തി അമേരിക്കൻ പ്രസിഡൻറ് ഡോണൾഡ് ട്രംപ്. നിങ്ങൾ യുദ്ധം തുടങ്ങാൻ പാടില്ലായിരുന്നുവെന്നാണ് ട്രംപിന്റെ കുറ്റപ്പെടുത്തൽ.

അൽപ്പമെങ്കിലും നയതന്ത്രജ്ഞത ഉള്ള നേതാവ് ആയിരുന്നെങ്കിൽ യുക്രെയ്ന് കാര്യമായ നഷ്ടം ഉണ്ടാകാതെ പണ്ടേ യുദ്ധം അവസാനിപ്പിക്കാമായിരുന്നു. സെലൻസ്കിക്ക് നാല് ശതമാനം യുക്രെയ്ൻകാരുടെ പിന്തുണ മാത്രമേയുള്ളൂ. അവിടെ വേഗം തെരഞ്ഞെടുപ്പ് നടത്തണമെന്നുള്ള റഷ്യൻ വാദവും ട്രംപ് ആവർത്തിച്ചു. യുക്രെയ്നെ ഒഴിവാക്കി അമേരിക്കയും റഷ്യയും നേരത്തെ സമാധാന ചർച്ച നടത്തിയിരുന്നു.

ഇതിൽ യുക്രെയ്ൻ പ്രസിഡൻറ് വ്ലാദിമിർ സെലൻസ്കി പ്രതിഷേധം അറിയിച്ചിരുന്നു. പിന്നാലെയാണ് ട്രംപിന്റെ പ്രതികരണം.

## നടുറോഡിൽ വാഹനം തടഞ്ഞ് യുവാവിനെ ആക്രമിച്ചു; ക്വട്ടേഷൻ സംഘത്തെ നാട്ടുകാർ പിടികൂടി പോലീസിൽ എൽപ്പിച്ചു

കോഴിക്കോട്: യുവാവിനെ നടുറോഡിൽ വച്ച് ആക്രമിച്ച് പരിഭ്രാന്തി പരത്തിയ ക്വട്ടേഷൻ സംഘത്തെ നാട്ടുകാർ തടഞ്ഞുവച്ച് പോലീസിൽ ഏൽപ്പിച്ചു. കോഴിക്കോട്ട് നന്മണ്ട-എഴുകുളം റോഡിൽ മൂലേം മാവിൻ ചുവട്ടിൽ വച്ച് ആണ് സംഭവം നടന്നത്.

ആരാമ്പ്രം എടത്തിൽ നിയാസ് (43), വഴിക്കടവ് നിസാം (30), പടനിലം കള്ളികൂടത്തിൽ റഫീഖ് (42), വഴിക്കടവ് ഷംനാദ് (30), വഴിക്കടവ് തൈക്കാട്ടിൽ മുഹമ്മദ് അഷ്റഫ് (30), പാതിരിപ്പാടം ചപ്പങ്ങൽ മുർഷിദ് (30) എന്നിവരാണ് പിടിയിലായത്.

നല്ലളം സ്വദേശിയായ മുഹമ്മദ് സുഹൈറി (34) നെയാണ് പ്രതികൾ ആക്രമിച്ചത്. സുഹൈറും സുഹൃത്തും സഞ്ചരിച്ച കാറിനെ രണ്ടു കാറുകളിലായെത്തിയ സംഘം തടഞ്ഞ് ആക്രമിക്കുകയായിരുന്നു.

തുടർന്ന് നാട്ടുകാർ എത്തിയതോടെ പ്രതികളിൽ ഒരാൾ ഒഴികെ ബാക്കിയുള്ളവർ ഓടി രക്ഷപ്പെട്ടു. ഇയാളെ നാട്ടുകാർ തടഞ്ഞുവച്ച് പോലീസിൽ എൽപ്പിച്ചു.

തുടർന്ന് മൊബൈൽ ലൊക്കേഷൻ കേന്ദ്രീകരിച്ച് നടത്തിയ പരിശോധനയിലാണ് ബാക്കി പ്രതികൾ പിടിയിലായത്. സുഹൈർ നിലമ്പൂർ സ്വദേശിയുമായി നടത്തിയ സാമ്പത്തിക ഇടപാടാണ് അക്രമത്തിൽ കലാശിച്ചതെന്നാണ് വിവരം.

Edited, Printed, Published & owned by Yesudas William,`Darpan', T.C 76/189 (1), Thoppil Lane, Anayara P.O, Thiruvananthapuram-29. Printed at Prabhatha Vartha Printers, TC. 21/1921, ERA-S-35, Elankam Lane, Nedumcadu. Karamana P.O,Tvpm-695002. e-mail: nauticaltimeskerala@gmail.com, Phone: 0471-2742840, 9446345353.

# കരട് യു.ജി.സി ചട്ടങ്ങൾ സംസ്ഥാനങ്ങളുടെ സ്വയംഭരണത്തിലുള്ള കടന്നുകയറ്റം: മുഖ്യമന്ത്രി പിണറായി വിജയൻ

## ദേശീയ കൺവെൻഷൻ മുഖ്യമന്ത്രി ഉദ്ഘാടനം ചെയ്തു

ഉന്നത വിദ്യാഭ്യാസ മേഖലയിൽ നിയമനിർമ്മാണം നടത്താനുള്ള സംസ്ഥാനങ്ങളുടെ അധികാരത്തെയടക്കം ഇല്ലാതാക്കാവുന്ന കരട് യു.ജി.സി ചട്ടങ്ങൾ സംസ്ഥാനങ്ങളുടെ സ്വയംഭരണത്തിലുള്ള കടന്നുകയറ്റവും ഫെഡറൽ തത്വങ്ങളുടെ ലംഘനവുമാണെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ അഭിപ്രായപ്പെട്ടു. കരട് യു.ജി.സി ചട്ടങ്ങൾ ചർച്ച ചെയ്യുന്നതിനായി നിയമസഭാ ശങ്കരനാരായണൻ ഹാളിൽ നടന്ന ദേശീയ സെമനാർ ഉദ്ഘാടനം ചെയ്തു സംസാരിക്കുകയായിരുന്നു അദ്ദേഹം. സംസ്ഥാന സർവകലാശാലകളുടെ സ്ഥാപനത്തിലും പരിപാലനത്തിലും സംസ്ഥാന സർക്കാരുകൾ വഹിക്കുന്ന പങ്ക് പ്രധാനമാണ്. ഇന്ത്യൻ ഭരണഘടനയുടെ 7-ാം ഷെഡ്യൂളിലെ 32-ാം വകുപ്പ് പ്രകാരം സർവകലാശാലകളുടെ മേൽനോട്ടവും പരിപാലനവും സംസ്ഥാനങ്ങളുടെ അധികാര പരിധിയിലാണുള്ളത്. യൂണിയൻ ലിസ്റ്റിലെ 66-ാം ഇന പ്രകാരം ഉന്നത വിദ്യാഭ്യാസ ഗവേഷണ സ്ഥാപനങ്ങളുടെ ഏകോപനത്തിലും മാനദണ്ഡങ്ങൾ നിശ്ചയിക്കുന്നതിലും കേന്ദ്രസർക്കാരിന്റെ പങ്ക് പരിമിതപ്പെടുത്തിയിരുന്നു. കരട് യു.ജി.സി നിയന്ത്രണങ്ങൾ സന്തുലിതാവസ്ഥ ഇല്ലാതാക്കുകയാണ്. 1949-ൽ ഭരണഘടന അസംബ്ലിയിൽ ഡോ. ബി.ആർ അംബേദ്ക്കർ നടത്തിയ പ്രസംഗങ്ങളിൽ ഉന്നത വിദ്യാഭ്യാസ രംഗത്തെ സംസ്ഥാനങ്ങളുടെ അധികാരം വ്യക്തമാക്കിയിട്ടുള്ളതാണെന്നും മുഖ്യമന്ത്രി പറഞ്ഞു. 1977 ലെ 42-ാം ഭരണഘടനഭേദഗതിയാണ് ഈ മേഖലയിൽ കൂടുതൽ കേന്ദ്രനിയന്ത്രണം ഏർപ്പെടുത്തിയത്. കരട് പിൻവലിക്കാനും കൂടിയാലോചനകൾ നടത്തുന്നതിനും ആവശ്യപ്പെടുന്ന പ്രമേയം കേരള നിയമസഭ ഏകകണ്ഠമായി പാസാക്കി.




യു.ജി.സി കരട് റെഗുലേഷനുകളെക്കുറിച്ച് ചർച്ച ചെയ്യുന്നതിനായി സംഘടിപ്പിച്ച ദേശീയ കൺവെൻഷൻ മുഖ്യമന്ത്രി പിണറായി വിജയൻ ഉദ്ഘാടനം ചെയ്യുന്നു. മന്ത്രിമാരായ ഡോ. ആർ ബിന്ദു, കെ എൻ ബാലഗോപാൽ,രാമചന്ദ്രൻ കടന്നപ്പള്ളി,പ്രതിപക്ഷ നേതാവ് വി ഡി സതീശൻ, തെലങ്കാന ഉപമുഖ്യമന്ത്രി ഭട്ടി വിക്രമാർക്ക മല്ല, കർണാടക ഉന്നതവിദ്യാഭ്യാസ വകുപ്പ് മന്ത്രി ഡോ.എം സി. സുധാകർ, തമിഴ്നാട് ഉന്നതവിദ്യാഭ്യാസ വകുപ്പ് മന്ത്രി ഡോ.ഗോവി ചെഴിയാൻ എന്നിവർ വേദിയിൽ

കരടിനെക്കുറിച്ച് പഠിക്കുന്നതിനായി പ്രൊഫ. പ്രഭാത് പട്നായിക്കിന്റെ നേതൃത്വത്തിൽ അഞ്ചംഗ സമിതിയെ കേരള സർക്കാർ നിയോഗിച്ചു. വൈസ് ചാൻസലർമാരുടെ നിയമനത്തിൽ സംസ്ഥാന സർക്കാരുകളുടെ പങ്കിനെ പൂർണമായും അവഗണിക്കുന്ന സമീപനമാണ് കരടിലുള്ളത്. വ്യവസായ മേഖലയിൽനിന്നോ, പൊതുഭരണത്തിൽ നിന്നോ അടക്കം വൈസ് ചാൻസലർമാരെ നിയമിക്കാം എന്ന നിർദേശം അക്കാദമിക നിലവാരത്തെ ഇല്ലാതാക്കും. അക്കാദമിക് പെർഫോമൻസ് ഇൻഡിക്കേറ്റർ (എപിഐ) സംവിധാനം നീക്കം ചെയ്ത്, ഏകപക്ഷീയമായ മാനദണ്ഡങ്ങൾ ഏർപ്പെടുത്തുന്നതിലും മുഖ്യമന്ത്രി ആശങ്ക അറിയിച്ചു. സംസ്ഥാനങ്ങളുടെ അവകാശങ്ങൾ സംരക്ഷിക്കുന്നതിൽ എല്ലാവരും ജാഗ്രതയും ഐക്യവും നിലനിർത്തി, വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ സമഗ്രത സംരക്ഷിക്കുകയും വിദ്യാഭ്യാസ പ്രക്രിയയുടെ വൈവിധ്യം ഉയർത്തിപ്പിടിക്കുകയും ചെയ്യണം. തമിഴ്നാട്, കർണാടക, തെലങ്കാന എന്നിവിടങ്ങളിൽ നിന്നുള്ള സംസ്ഥാന മന്ത്രിമാരും ഉന്നത ഉദ്യോഗസ്ഥരും ഈ ദേശീയ കൺവെൻഷന്റെ ഭാഗമാകുന്നു എന്നത് അഭിമാനകരമാണെന്നും മുഖ്യമന്ത്രി അഭിപ്രായപ്പെട്ടു. ഉന്നത വിദ്യാഭ്യാസ വകുപ്പ് മന്ത്രി ഡോ. ആർ ബിന്ദു ആമുഖഭാഷണം നടത്തി. തെലങ്കാന ഉപമുഖ്യമന്ത്രി ഭട്ടി വിക്രമാർക്ക മല്ലു, കർണാടക ഉന്നത വിദ്യാഭ്യാസ വകുപ്പ് മന്ത്രി ഡോ. എം.സി സുധാകർ, തമിഴ്നാട് ഉന്നത വിദ്യാഭ്യാസ വകുപ്പ് മന്ത്രി ഡോ. ഗോപി ചെഴിയാൻ എന്നിവർ വിശിഷ്ടാതിഥികളായി. പ്രതിപക്ഷ നേതാവ് വി.ഡി സതീശൻ മുഖ്യപ്രഭാഷണം നടത്തി. രജിസ്ട്രേഷൻ വകുപ്പ് മന്ത്രി രാമചന്ദ്രൻ കടന്നപ്പള്ളി, പ്രൊഫ. പ്രഭാത് പട്നായിക്, ഉന്നതവിദ്യാഭ്യാസ കൗൺസിൽ വൈസ്ചെയർമാൻ രാജൻ ഗുരുക്കൾ, തമിഴ്നാട് ഉന്നവിദ്യാഭ്യാസ വകുപ്പ് കൗൺസിൽ വൈസ് ചെയർമാൻ ഡോ. എം.പി വിജയകുമാർ, കർണാടക ഉന്നതവിദ്യാഭ്യാസ കൗൺസിൽ വൈസ് ചെയർപേഴ്സൺ പ്രൊഫ. എസ്.ആർ നിരഞ്ജന, തെലങ്കാന കോളജീയേറ്റ് ആൻഡ് ടെക്നിക്കൽ എഡ്യൂക്കേഷൻ ഡയറക്ടർ എ ശ്രീദേവസേന, ഉന്നത വിദ്യാഭ്യാസ കൗൺസിൽ മെമ്പർ സെക്രട്ടറി ഡോ. രാജൻ വർഗീസ് എന്നിവർ സംബന്ധിച്ചു. കോളജീയേറ്റ് എഡ്യൂക്കേഷൻ ഡയറക്ടർ സുധീർ കെ നന്ദി അറിയിച്ചു.

## പത്ത് ലക്ഷം രൂപ തട്ടിയെടുത്തു, ഹോർട്ടികോർപ്പ് കരാർ ജീവനക്കാരൻ അറസ്റ്റിൽ

തിരുവനന്തപുരം: കർഷകരുടെ 10 ലക്ഷത്തോളം രൂപ തട്ടിയെടുത്ത ഹോർട്ടികോർപ്പിലെ കരാറുകാരനായ അക്കൗണ്ട് അസിസ്റ്റൻറ് അറസ്റ്റിൽ. കരമന തളിയിൽ സ്വദേശി കല്യാണ സുന്ദർ (36) നെയാണ് ശ്രീകാര്യം പോലീസ് അറസ്റ്റ് ചെയ്തത്.

പോങ്ങുംമൂട് ബാബുജി നഗറിലെ ഹോർട്ടികോർപ്പിന്റെ ആസ്ഥാനത്തിൽ 2018 മുതൽ അക്കൗണ്ട് അസിസ്റ്റൻറായ കരാർ ജീവനക്കാരനാണ് കല്യാണ സുന്ദർ. കഴിഞ്ഞ രണ്ട് വർഷമായി വിവിധ കർഷകരുടെ പത്ത് ലക്ഷത്തോളം രൂപയാണ് ഇയാൾ തട്ടിയെടുത്തത്.

കർഷകരുടെ ബാങ്ക് അക്കൗണ്ട് നമ്പർ മാറ്റി ഇയാളുടെ അച്ഛന്റെ അക്കൗണ്ട് നമ്പർ ആണ് ട്രഷറിയിൽ കൊടുത്തു പണം തട്ടിയെടുത്തത്. കർഷകർ ഹോർട്ടികോർപ്പിന് സാധനങ്ങൾ കൈമാറിയ ശേഷം പിന്നീടാണ് ട്രഷറി വഴി പണം കർഷകരുടെ അക്കൗണ്ടിൽ എത്തുന്നത്.

കർഷകർ പണം കിട്ടുന്നില്ല എന്ന പരാതിയുമായി ഹോർട്ടികോർപ്പിനെ സമീപിച്ചപ്പോഴാണ് തട്ടിപ്പ് വിവരം പുറത്ത് അറിയുന്നത്. അക്കൗണ്ട് നമ്പറുകൾ പരിശോധിച്ചപ്പോൾ കർഷകരുടെ അക്കൗണ്ട് നമ്പറിന് പകരം കല്യാണ സുന്ദരന്റെ അച്ഛന്റെ അക്കൗണ്ട് നമ്പർ എഴുതി ട്രഷറിയിൽ നിന്നും പണം കൈപ്പറ്റിയതായി കണ്ടെത്തി.

തുടർന്ന് ഹോർട്ടികോർപ്പ് ഉദ്യോഗസ്ഥർ ശ്രീകാര്യം പോലീസിൽ പരാതി നൽകുകയായിരുന്നു. പരാതിയുടെ അടിസ്ഥാനത്തിൽ ശ്രീകാര്യം പോലീസ് പ്രതിയെ കസ്റ്റഡിയിലെടുക്കുകയായിരുന്നു. അറസ്റ്റ് രേഖപ്പെടുത്തിയ പ്രതിയെ കോടതിയിൽ ഹാജരാക്കി.

## ടെണ്ടർ ക്ഷണിച്ചു

എറണാകുളം കാക്കനാട് സിവിൽ സ്റ്റേഷനിലെ ജില്ലാ വനിതാ ശിശുവികസന ഓഫീസിലെ ഉപയോഗത്തിനായി ഒരുവർഷത്തേക്ക് കാർ വാടകയ്ക്ക് എടുക്കുന്നതിന് ടെണ്ടർ ക്ഷണിച്ചു. വിശദവിവരങ്ങൾക്ക് ഫോൺ: 0484-2952949.

## ടെണ്ടർ ക്ഷണിച്ചു

മലപ്പുറം ജില്ലാ ചൈൽഡ് പ്രൊട്ടക്ഷൻ യൂണിറ്റിലെ ഉപയോഗത്തിന് കരാറടിസ്ഥാനത്തിൽ എ.സി വാഹനം വാടകയ്ക്ക് നൽകുന്നതിന് ടെണ്ടർ ക്ഷണിച്ചു. കവറിന് പുറത്ത് വാഹനം കരാർ അടിസ്ഥാനത്തിൽ നൽകാനുള്ള ടെണ്ടർ എന്ന് രേഖപ്പെടുത്തണം.

ജില്ലാ ചൈൽഡ് പ്രൊട്ടക്ഷൻ ഓഫീസർ, ജില്ലാ ചൈൽഡ് പ്രൊട്ടക്ഷൻ യൂണിറ്റ്, മിനി സിവിൽ സ്റ്റേഷൻ-മൂന്നാംനില, മഞ്ചേരി, 676121 വിലാസത്തിൽ ടെണ്ടർ നൽകണം. ഫോൺ: 0483-2978888, 9995474633.

## വിശാഖപട്ടണം ചാരക്കേസ്: അറസ്റ്റിലായ മലയാളിയെ അന്വേഷണസംഘത്തിനു കൈമാറി

കൊച്ചി: പാക്കിസ്ഥാൻ ഐഎസ്ഐയുമായി ബന്ധപ്പെട്ട വിശാഖപട്ടണം ചാരക്കേസിൽ എൻഐഎ അറസ്റ്റ്ചെയ്ത എറണാകുളം കടമക്കുടി പിഴല സ്വദേശി പി. എ. അഭിലാഷിനെ കേസ് അന്വേഷിക്കുന്ന ഹൈദരാബാദ് യൂണിറ്റിന് കൈമാറി. നാവിക പ്രതിരോധ രഹസ്യ വിവരങ്ങൾ ഉൾപ്പെടെ ചോർത്തിയ കേസിലാണ് നടപടി. ഇതോടെ കേസിൽ അറസ്റ്റിലായവരുടെ എണ്ണം എട്ടായി.

അഭിലാഷിനെ കൂടാതെ കർണാടകയിലെ കാർവാറിൽനിന്നുള്ള വേതൻ ലക്ഷ്മൺ ടണ്ഡേൽ, കർണാടകയിലെ ഉത്തര കന്നഡയിൽനിന്നുള്ള അക്ഷയ് രവി നായിക് എന്നിവരെയും കേസുമായി ബന്ധപ്പെട്ട് അറസ്റ്റ് ചെയ്തിട്ടുണ്ട്.

വിശാഖപട്ടണം കപ്പൽശാലയിലെ വിവരങ്ങൾ പാക്കിസ്ഥാന് ചോർത്തിയെന്ന കേസിൽ കഴിഞ്ഞവർഷം കൊച്ചി കപ്പൽശാലയിലെ ട്രെയിനി ജീവനക്കാരനായിരുന്ന അഭിലാഷിനെയും വെൽഡർ കം ഫിറ്ററായ തിരുവനന്തപുരം അരുമാനൂർ സ്വദേശി അഭിഷേകിനെയും എൻഐഎ കസ്റ്റഡിയിലെടുത്ത് ചോദ്യംചെയ്തിരുന്നു. സാമൂഹികമാധ്യമങ്ങളിലൂടെ പരിചയപ്പെട്ട പാക് ചാരവനിതയ്ക്ക് സുപ്രധാന വിവരങ്ങൾ കൈമാറിയെന്നായിരുന്നു കേസ്. തെളിവ് ലഭിക്കാത്തതിനാൽ ഇരുവരെയും വിട്ടയച്ചെങ്കിലും നിരീക്ഷിച്ച് വരികയായിരുന്നു.

അഭിലാഷ് വിവരങ്ങൾ കൈമാറിയതിന് പണം കൈപ്പറ്റിയതായി അന്വേഷണത്തിൽ കണ്ടെത്തിയതിനെത്തുടർന്നാണ് അറസ്റ്റ്. 2021 ജനുവരിയിൽ ആന്ധ്രപ്രദേശിലെ കൗണ്ടർ ഇൻറലിജൻസ് സെൽ രജിസ്റ്റർ ചെയ്ത കേസ് 2023 ജൂണിലാണ് എൻഐഎ ഏറ്റെടുത്തത്. ഒളിവിൽ പോയ രണ്ട് പാക് പൗരന്മാർ ഉൾപ്പെടെ അഞ്ച് പേർക്കെതിരേ കേസിൽ കുറ്റപത്രം സമർപ്പിച്ചിട്ടുണ്ട്.

# നിയമങ്ങളും ചട്ടങ്ങളും കാലോചിതമായി പരിഷ്ക്കരിക്കും: മന്ത്രി എം.ബി. രാജേഷ്

തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളുമായി ബന്ധപ്പെട്ട് നിലവിലുള്ള നിയമങ്ങളും ചട്ടങ്ങളും കാലോചിതമായി പരിഷ്കരിക്കുന്ന പ്രവർത്തനങ്ങൾ നടന്നുവരികയാണെന്ന് മന്ത്രി എം.ബി. രാജേഷ് വാർത്താസമ്മേളനത്തിൽ അറിയിച്ചു. കെട്ടിട നിർമ്മാണ ചട്ടത്തിലുൾപ്പെടെ ജനോപകാരപ്രദമായ നിരവധി മാറ്റങ്ങളാണ് വന്നുകൊണ്ടിരിക്കുന്നത്. കാലോചിതമായ പരിഷ്കാരങ്ങളിൽ ഏറ്റവും പ്രധാനപ്പെട്ട ശ്രദ്ധ സർക്കാർ നൽകിയത് വ്യവസായ-വാണിജ്യ മേഖലയുമായി ബന്ധപ്പെട്ടാണ്. 2024ൽ മാത്രം ഈസ് ഓഫ് ഡൂയിംഗ് ബിസിനസിന്റെ ഭാഗമായി 47 പരിഷ്കരണ നടപടികളാണ് തദ്ദേശ സ്വയം ഭരണ വകുപ്പ് സ്വീകരിച്ചത്. ചട്ടങ്ങളിലും നടപടിക്രമത്തിലും ഓൺലൈൻ പ്ലാറ്റ്ഫോമിലുമുൾപ്പെടെ കൊണ്ടുവന്ന ഈ പരിഷ്കരണങ്ങൾ വ്യവസായ സമൂഹം ഇരുകയ്യും നീട്ടിയാണ് സ്വീകരിച്ചത്. കേരളത്തിന്റെ ഈസ് ഓഫ് ഡൂയിംഗ് ബിസിനസ് റാങ്കിംഗിൽ ഈ ഇടപെടൽ സുപ്രധാന പങ്ക് വഹിച്ചിട്ടുണ്ട്.

ഈസ് ഓഫ് ഡൂയിംഗ് ബിസിനസ് റാങ്കിംഗിലെ പ്രധാന മാനദണ്ഡങ്ങളിലൊന്നായ മുൻസിപ്പാലിറ്റികളിലെയും കോർപറേഷനുകളിലെയും സേവനപ്രദാനത്തിന്റെ ഗുണമേന്മയിൽ കേരളം ഒന്നാം സ്ഥാനത്തെത്തിയത് (ഠീു അരവശല്ല്യ) തദ്ദേശ സ്വയം ഭരണ വകുപ്പിന്റെ സുപ്രധാന നേട്ടമാണ്. സുതാര്യത വർധിപ്പിക്കുന്നതിന് ജനങ്ങൾക്ക് വേണ്ടി കൂടുതൽ വിവരങ്ങൾ പങ്കുവെയ്ക്കുന്നതിനായി ഡാഷ്ബോർഡ്, സിറ്റിസൺ പോർട്ടലുകളുമടക്കം പരിഷ്കരിച്ചു. കെട്ടിട നിർമ്മാണ പെർമ്മിറ്റ് ഫീസിൽ 60% വരെ കുറവ് വരുത്തുകയും ചെയ്തു. കെട്ടിട നിർമ്മാണച്ചട്ടങ്ങളിൽ സമഗ്രമായ ഭേദഗതി നിർദേശിക്കുന്നതിന് ജനപ്രതിനിധികൾ ഉൾപ്പെടെയുള്ള എല്ലാ സ്റ്റേക്ക് ഹോൾഡേഴ്സിനെയും ഉൾപ്പെടുത്തിക്കൊണ്ട് പ്രിൻസിപ്പൽ ഡയറക്ടറുടെ അധ്യക്ഷതയിൽ ഒരു കമ്മിറ്റിയെ നിയോഗിച്ചിട്ടുണ്ട്.

ഈസ് ഓഫ് ഡൂയിംഗ് ബിസിനസിലെ കുതിപ്പിന് സുപ്രധാനമായ പങ്ക് വഹിക്കാൻ കെ സ്മാർട്ടിന് കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത്. കെ സ്മാർട്ടിന്റെ ആദ്യഘട്ടം മുതൽക്കു തന്നെ വ്യവസായസൗഹൃദ നിർദ്ദേശങ്ങൾ പൂർണ്ണമായി ഉൾക്കൊണ്ടുകൊണ്ടാണ് സോഫ്റ്റ്വെയർ വികസിപ്പിച്ചത്. ഒപ്പം ഈസ് ഓഫ് ഡൂയിങ് ബിസിനസിന്റെ ഭാഗമായി കാലാനുസൃതമായ മാറ്റങ്ങളും കൊണ്ടുവന്നു. ഏപ്രിലിൽ പഞ്ചായത്തുകളിൽ ക്കൂടി കെ സ്മാർട്ട് വിന്യസിക്കുന്നതോടെ ഇ ഗവേണൻസ് മേഖലയിൽ സൃഷ്ടിക്കപ്പെടുന്ന വൻമുന്നേറ്റം വ്യവസായസൌഹൃദാന്തരീക്ഷത്തിലും പ്രതിഫലിക്കുമെന്ന് ഉറപ്പാണ്.

തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളെ കൂടുതൽ വ്യവസായ സൗഹൃദമാക്കുന്നതിനായി 1996-ലെ കേരള പഞ്ചായത്ത് രാജ് (ഫാക്ടറികൾക്കും, വ്യാപാരങ്ങൾക്കും, സംരംഭക പ്രവർത്തനങ്ങൾക്കും, മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങളിൽ സമഗ്രമായ മാറ്റം കൊണ്ടുവരാൻ സർക്കാർ ഉദ്ദേശിക്കുകയാണ്. കൂടുതൽ സംരഭക സൗഹൃദമാക്കുന്നതിന് കൂടി ഉദ്ദേശിച്ചുകൊണ്ട് പ്രിൻസിപ്പൽ ഡയറക്ടർ സമർപ്പിച്ച കരട് ചട്ടങ്ങൾ സർക്കാരിന്റെ പരിഗണനയിലാണെന്നും മന്ത്രി അറിയിച്ചു. പ്രധാന ശുപാർശകൾ ചുവടെ ചേർക്കുന്നു

നിലവിൽ പുതിയ കാലത്തെ പലസംരംഭങ്ങൾക്കും ലൈസൻസ് നൽകാൻ സാധിക്കാത്ത സാഹചര്യമുണ്ട്. മുൻ തലമുറ ഇനങ്ങൾ മാത്രം ഉൾപ്പെടുത്തിയിട്ടുള്ള പട്ടികയാണ് നിലവിൽ ചട്ടങ്ങളിലുള്ളത് എന്നതിനാലാണിത്. ഇത് മാറ്റും. നിയമവിധേയമായ ഏത് സംരംഭത്തിനും പഞ്ചായത്തുകളിൽ നിന്നും ലൈസൻസ് ലഭിക്കുന്നതിന് വ്യവസ്ഥ കൊണ്ടുവരും.

സംരംഭങ്ങളെ രണ്ടായി തരംതിരിക്കുന്നു. കാറ്റഗറി ഒന്ന് സംരംഭങ്ങൾ എന്നും കാറ്റഗറി 2 സംരംഭങ്ങൾ എന്നും. കാറ്റഗറി ഒന്ന് സംരംഭങ്ങൾ എന്ന് പറയുന്നത് ഉൽപാദന യൂണിറ്റുകളാണ്. അവയിൽ പൊലൂഷൻ കൺട്രോൾ ബോർഡിൻറെ വൈറ്റ്, ഗ്രീൻ എന്നിവയിലുള്ള യൂണിറ്റുകൾക്ക് പഞ്ചായത്തിന്റെ ലൈസൻസിന് പകരം അവ രജിസ്റ്റർ ചെയ്താൽ മതിയാകും. എന്നാൽ കാറ്റഗറി ഒന്ന് വിഭാഗത്തിൽപ്പെടുന്ന റെഡ്, ഓറഞ്ച് എന്നീ വിഭാഗത്തിൽപ്പെട്ട യൂണിറ്റുകൾക്ക് ഗ്രാമപഞ്ചായത്തിന്റെ അനുവാദം (ലൈസൻസ്) ആവശ്യമുണ്ട്. കാറ്റഗറി 2 സംരംഭങ്ങൾ എന്നു പറയുന്നത് വ്യാപാരം, വാണിജ്യം, സേവനങ്ങൾ എന്നിവ ഉൾപ്പെടുന്ന യൂണിറ്റുകളെ ആണ്. അവയ്ക്ക് എല്ലാത്തിനും സെക്രട്ടറിയുടെ ലൈസൻസ് ആവശ്യമാണ്.

നിലവിൽ വീടുകളിൽ പ്രവർത്തിക്കുന്ന കുടിൽ വ്യവസായങ്ങൾക്കും വീടുകളിലെ മറ്റ് വാണിജ്യ സേവന പ്രവർത്തനങ്ങൾക്കും ലൈസൻസ് നൽകാൻ വ്യവസ്ഥയില്ല. ചെറുകിട സംരംഭങ്ങൾക്ക് ലൈസൻസില്ലാതെ പ്രവർത്തിക്കാനാണ് അനുവാദമുള്ളത്. ഇത് പ്രസ്തുത സംരംഭങ്ങൾക്ക് ബാങ്ക് ലോൺ, ജിഎസ്ടി രജിസ്ട്രേഷൻ കിട്ടാനുൾപ്പെടെ ബുദ്ധിമുട്ട് സൃഷ്ടിക്കുന്നതായി പരാതികളുണ്ട്. ഇത് പരിഹരിക്കാൻ പൊല്യൂഷൻ കൺട്രോൾ ബോർഡിന്റെ വൈറ്റ്, ഗ്രീൻ കാറ്റഗറിയിൽ പെടുന്ന സംരംഭങ്ങൾക്ക് കെട്ടിട നിർമ്മാണ ചട്ടങ്ങൾ പ്രകാരമുള്ള ഉപയോഗ ഗണം (Occupancy Group) നോക്കാതെ വീടുകളിലുൾപ്പെടെ ലൈസൻസ് നൽകാൻ വ്യവസ്ഥ കൊണ്ടുവരും.

ആളുകൾ താമസിക്കുന്ന വീടുകളിലും 50% വരെ ഭാഗം ഇത്തരം സംരംഭക പ്രവർത്തനങ്ങൾക്ക് ഉപയോഗിക്കാം.

ഒരു സംരംഭത്തിന് ഒരിക്കൽ വാങ്ങിയ അനുമതി സംരംഭകൻ മാറുമ്പോൾ സംരംഭകത്വത്തിൽ മാറ്റമില്ലെങ്കിൽ ആ അനുമതി കൈമാറാം.

സ്വയം സാക്ഷ്യപ്പെടുത്തുന്നതിന്റെ അടിസ്ഥാനത്തിൽ ഫാസ്റ്റ് ട്രാക്ക് ആയി ലൈസൻസ് റിന്യൂവൽ സാധ്യമാക്കും. നിലവിലുള്ള ഒരു ലൈസൻസ് പുതുക്കുന്നതിന് അന്നുതന്നെ സാധിക്കും. ലൈസൻസ്/അനുമതി അപേക്ഷകളിൽ യഥാസമയം നടപടി സ്വീകരിച്ചില്ലെങ്കിൽ ഡീംഡ് ലൈസൻസ് സംവിധാനം പ്രായോഗികമായും സൗകര്യപ്രദമായും ഏർപ്പെടുത്തും.

ലൈസൻസ് ഫീസ് പൂർണ്ണമായും മൂലധനനിക്ഷേപത്തിന്റെ അടിസ്ഥാനത്തിൽ ആക്കും (മുൻപ് കുതിരശക്തിയുടെ അടിസ്ഥാനത്തിലായിരുന്നു). കുറഞ്ഞ മൂലധന നിക്ഷേപം ഉള്ള സംരംഭകരെ സഹായിക്കുന്നതിനായി കുറഞ്ഞ തുകയ്ക്ക് പ്രത്യേകം സ്ലാബ് നിശ്ചയിക്കും. മൂലധന നിക്ഷേപം കണക്കാക്കുന്നതിൽ നിന്നും ഭൂമിയുടെയും കെട്ടിടത്തിന്റെയും വില ഒഴിവാക്കുന്നത് പരിഗണിക്കും. സ്ഥാപനങ്ങൾക്കെതിരെ വരുന്ന പരാതികളിൽ ബന്ധപ്പെട്ട വിദഗ്ധ സ്ഥാപനങ്ങളുടെ ഉപദേശം തേടി സമയബന്ധിതമായി തീർപ്പു കൽപ്പിക്കാൻ സംവിധാനം ഏർപ്പെടുത്തും.

പഞ്ചായത്തുകളുടെയോ സെക്രട്ടറിമാരുടെയോ ചുമതലകളിൽപെട്ട വിഷയങ്ങൾക്ക് മാത്രമേ പരിശോധന നടത്താൻ പാടുള്ളൂ.

സാമ്പത്തിക വർഷം ലൈസനസിന്റെ കാലാവധി അവസാനിക്കുമെന്ന വ്യവസ്ഥ ഒഴിവാക്കി. ഒരു വർഷത്തെ ലൈസൻസിന്റെ കാലാവധി ലൈസൻസ് തീയതി മുതൽ ഒരു വർഷം തന്നെ ആക്കി നിശ്ചയിച്ചു.

നൽകുന്ന ലൈസൻസിൽ ലൈസെൻസിയുടെ ഉത്തരവാദിത്തങ്ങൾ കൃത്യമായി ഉൾപ്പെടുത്തും.

മുനിസിപ്പാലിറ്റി ലൈസൻസ് ചട്ടങ്ങളിൽ 2017-ൽ മാറ്റങ്ങൾ വരുത്തി വ്യവസായസൗഹൃദമാക്കി മാറ്റിയിട്ടുണ്ടെങ്കിലും ഇപ്പോഴുള്ള പുതിയ ആവശ്യങ്ങളുടെ കൂടി അടിസ്ഥാനത്തിൽ വീണ്ടും പരിശോധിച്ച് പരിഷ്കരിക്കുന്നതിനുള്ള നടപടിയും ആരംഭിച്ചുകഴിഞ്ഞു. പഞ്ചായത്തിൽ നിർദേശിക്കപ്പെട്ട എല്ലാ പരിഷ്കരണങ്ങളും വൈകാതെ നഗരസഭകളിലും ലഭ്യമാക്കും. Kerala Municipalities Act, Kerala Municipalities Building Rule, Kerala Municipality (Registration of Tutorial Institutions) rules 1999, Kerala Municipality (Registration of Private hospitals and private Para medical Institutions) rules 1997 എന്നിവയിലുള്ള ഭേദഗതിനിർദ്ദേശങ്ങളും തയ്യാറായിട്ടുണ്ട്. വരും ദിനങ്ങളിൽ വിശദമായ പരിശോധനയ്ക്കു വിധേയമാക്കി തീരുമാനം കൈക്കൊള്ളും.

ഈ അടുത്ത ദിവസങ്ങളിൽ പുറത്തിറങ്ങിയതും ഉടൻ പുറത്തിറങ്ങാനിരിക്കുന്നതുമായ കെട്ടി നിർമ്മാണ ചട്ടങ്ങളിലെ പ്രധാന പരിഷ്കരണ ഉത്തരവുകൾ ചുവടെ ചേർക്കുന്നു.

1. കെട്ടിട നിർമ്മാണം നടക്കുന്ന ഭൂമിയിൽ തന്നെ മുഴുവൻ പാർക്കിംഗും വേണമെന്ന വ്യവസ്ഥ ലഘൂകരിച്ച്, 200 മീറ്റർ പരിധിക്കുള്ളിലുള്ള സ്വന്തം ഭൂമിയിൽ പാർക്കിംഗ് അനുവദിക്കാവുന്ന രീതിയിൽ ചട്ടങ്ങളിൽ ഭേദഗതി വരുത്തി ഉത്തരവിറക്കി. വ്യവസായ അന്തരീക്ഷത്തിൽ ഏറെ സഹായകമായ നടപടിയാണ് ഇത്.

2. കോർപ്പറേഷൻ/മുൻസിപ്പൽ അതിർത്തിക്കുള്ളിൽ രണ്ട് സെന്റ് വരെയുള്ള ഭൂമിയിൽ നിർമ്മിക്കുന്ന 100 ചതുരശ്ര മീറ്റർ വരെയുള്ള വീടുകൾക്ക് മുന്നിൽ 3 മീറ്റർ വരെയുള്ള വഴിയാണെങ്കിൽ, ഫ്രണ്ട് യാർഡ് ഒരു മീറ്റർ ആയി കുറച്ചുകൊണ്ടുള്ള ചട്ട ഭേദഗതി

3. ഒരു വശം അടഞ്ഞതും 75 മീറ്ററിൽ കുറഞ്ഞ നീളമുള്ളതുമായ തെരുവുകളുടെ അതിരിലുള്ള പ്ലോട്ടുകളിൽ നിർമ്മിക്കുന്ന കെട്ടിടങ്ങൾ, ആ തെരുവുമായി ഒന്നര മീറ്റർ അകലം പാലിക്കണമെന്ന വ്യവസ്ഥയിൽ ഇളവ് വരുത്തും. അപ്രകാരമുള്ള തെരുവ് അഞ്ചിൽ അധികരിക്കാത്ത എണ്ണം പ്ലോട്ടുകളിലേക്കോ കെട്ടിടങ്ങളിലേക്കോ നയിക്കുന്ന വഴിയാണെങ്കിൽ ആ വഴി പ്രയോജനപ്പെടുത്തുന്ന എല്ലാ ഭൂവുടമകളും കെട്ടിട ഉടമകളും എഴുതി നൽകുന്ന സമ്മതപത്രത്തിന്റെ അടിസ്ഥാനത്തിൽ തെരുവിനോട് ചേർന്നുള്ള പ്ലോട്ട് അതിരിൽ നിന്നും കെട്ടിടത്തിലേക്കുള്ള ദൂരം ഒരു മീറ്റർ വരെയാക്കി കുറയ്ക്കാവുന്നതാണ് എന്ന ഭേദഗതിയാണ് വരുത്തുക. ഇതിന് ആവശ്യമായ ഭേദഗതി കെട്ടിട നിർമ്മാണ ചട്ടം 23 ആം ചട്ടത്തിന്റെ രണ്ടാം ഉപചട്ടത്തിൽ വരുത്തും.

4. കെട്ടിടത്തെ സംബന്ധിച്ച് പാലിക്കേണ്ട നിബന്ധനകൾ എല്ലാം പാലിച്ചിട്ടുണ്ടെങ്കിൽ, പ്ലോട്ട് ഏരിയയിൽ കുറവോ കൂടുതലോ വന്നു എന്ന കാരണത്താൽ മാത്രം പെർമിറ്റ് റദ്ദാക്കില്ല. കെട്ടിട നിർമ്മാണ ചട്ടം 19(5)ൽ ഇളവ് നൽകും.

5. വെയിലിൽ നിന്നും മഴയിൽ നിന്നും സംരക്ഷണം നൽകുന്നതിനായി നിലം നിരപ്പിൽ പന്തലിടുന്ന രീതി സംസ്ഥാനത്തുണ്ട്. ഇത്തരത്തിൽ വശങ്ങളിൽ തുറന്ന നിലയിൽ വീടുകൾക്ക് മുൻപിൽ ഷീറ്റ് ഇടുന്നത് പ്രത്യേക നിർമ്മിതിയായി കണക്കാക്കില്ല. നിബന്ധനകൾക്ക് വിധേയമായിട്ടാണ് ഈ ഇളവ് അനുവദിക്കുക. ഇത് സംബന്ധിച്ച ഭേദഗതി കെട്ടിട നിർമ്മാണ ചട്ടം 23(1), 2 (യള) യിൽ വരുത്തുന്നു. സ്ഥാപിക്കുന്ന ഷീറ്റ് റോഡിലേക്ക് കയറി നിൽക്കുന്നത് പോലെയുള്ള നിയമലംഘനങ്ങൾ ഉണ്ടാക്കുന്നില്ലെന്ന് ഉറപ്പുവരുത്തിയാകും ഈ ഇളവ് നൽകുന്നത്. ഈ ഭാഗത്ത് തറ നിർമ്മിക്കാനോ, ചട്ടങ്ങൾ അനുവദിക്കാത്ത ഏതെങ്കിലും ആവശ്യങ്ങൾക്കായി ഉപയോഗിക്കാനോ പാടുള്ളതല്ല.

6. പെർമിറ്റ് കാലാവധി 15 വർഷമായി വർധിപ്പിക്കുന്നു.

7. റോഡ് വികസനത്തിന് വേണ്ടി സൗജന്യമായി ഭൂമി വിട്ടുനൽകിയവർക്ക് മിനിമം സെറ്റ്ബാക്ക് ഉറപ്പുവരുത്തിക്കൊണ്ടുള്ള ഇളവുകൾ നൽകും.

8. അപ്പൻഡിക്സ് ങ ൽ ഉൾപ്പെടുത്തിയ ചട്ടം 26 സെറ്റ്ബാക്ക്, ചട്ടം 27 കവറേജ്, ചട്ടം 29 പാർക്കിംഗ്, ചട്ടം 28 ആക്സസ് തുടങ്ങിയ വ്യവസ്ഥകളിലെ ചട്ടലംഘനങ്ങൾക്ക് നിബന്ധനകൾക്ക് വിധേയമായി ഫൈൻ ഈടാക്കിക്കൊണ്ട് ഇളവുകൾ നൽകുന്നതിനുള്ള നിർദേശങ്ങളും തയ്യാറായി.